NERVEEDHI
Volume -12, Issue - 06, 10th June 2023, Monthly, Price ₹ 25, Published at Kottayam
വാല്യം-12, ലക്കം-06, ജൂൺ 2023 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## തുമ്പിയെക്കൊണ്ട് കല്ലെടുപ്പിച്ചാൽ...?

പേജ് 16

Editorial

# പൊയ്മുഖങ്ങൾ വലിച്ചെറിയുക

പുറമേയുള്ള പ്രകടനങ്ങളെ അടിസ്ഥാനമാക്കി വ്യക്തികളെ വിലയിരുത്തുന്ന ഒരു ലോകത്തിലാണ് നാമെല്ലാവരും ജീവിക്കുന്നത്. ആത്മീക അധികാരം കിട്ടിയാൽ അതുപയോഗിച്ച് പണമുണ്ടാക്കാം എന്ന ഉദ്ദേശ്യത്തോടെ പത്രോസിന്റെ അടുക്കൽ വന്ന വ്യക്തി ആയിരുന്നു ശീമോൻ (പ്രവർത്തികൾ 8:15-24). കൂടുതൽ പ്രശസ്തിയും അധികാരവും ലഭിച്ചാൽ പണമുണ്ടാക്കാം എന്നാണ് ശീമോൻ ചിന്തിച്ചത്. പണം നൽകി സ്ഥാനങ്ങൾ വാങ്ങുക എന്ന തന്ത്രമായിരുന്നു ഇത്. മാനസാന്തരമില്ലാത്ത ഒരു കപടഭക്തനായിരുന്നു അവനെന്നും വ്യക്തം.

ഇങ്ങനെയുള്ള തെറ്റായ കാര്യങ്ങൾ ഇന്നും നടക്കുന്നുണ്ട്. സഭയിലെ അധികാരസ്ഥാനങ്ങളിൽ എത്തുവാൻ എല്ലാവരുമല്ലെങ്കിലും ചില ആളുകൾ കൈക്കൂലിയും കൈമടക്കും കൊടുക്കുകയും, ആളുകളെ സ്വാധീനിച്ച് ഉന്നതസ്ഥാനങ്ങളിൽ എത്തുകയും ചെയ്യുന്നു. ഇത് തികച്ചും വചനവിരുദ്ധവും അനീതിയുമാണ്. എന്നോടു കൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. ക്രിസ്തീയനേതൃത്വത്തിലുള്ള ചിലരുടെ അധാർമ്മികവും വചനവിരുദ്ധവുമായ ഇടപാടുകളും പ്രവർത്തികളും ദൈവമക്കളെ ചിതറിച്ചു കളയുന്നു.

വചനപ്രഘോഷകർ, സ്വാർത്ഥമോഹങ്ങൾ സാക്ഷാൽക്കരിക്കുവാനുള്ള അവസരങ്ങൾ വരുമ്പോൾ വ്യക്തിഹത്യ നടത്തുകയും വചനവിരുദ്ധമായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ നിഷ്ക്കളങ്കവിശ്വാസികൾ ചിന്താക്കുഴപ്പത്തിലാകും. ഇത്തരം കാര്യങ്ങൾ കണ്ടുംകേട്ടും മനംനൊന്ത് വേദനിക്കുന്ന പരാമർത്ഥികളായ ധാരാളം ആളുകൾ നമ്മുടെ സമൂഹത്തിലുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ടവർ കാണാതെ പോകരുത്. സമൂഹത്തിൽ അവമതിപ്പുണ്ടാക്കുന്ന എല്ലാ ചെയ്തികളും ഒഴിവാക്കേണ്ടത് അനിവാര്യമാണ്. ഇത്തരം പൊയ്മുഖങ്ങൾ വലിച്ചെറിയേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ് ഈ ലക്കത്തിലെ സന്ദേശം വിരൽ ചൂണ്ടി ഊന്നിപ്പറയുന്നത്.

അനേകരെ വിശ്വാസത്യാഗത്തിലേക്കു പോലും നയിക്കാവുന്ന ഇത്തരം ദുഷ്പ്രവണതകളെ ജയിക്കുവാനുള്ള ഏക പരിഹാരമാർഗ്ഗം, ഇത് തെറ്റാണെന്നു തിരിച്ചറിഞ്ഞുപേക്ഷിച്ചു വചനത്തിന്റെ വ്യവസ്ഥയിലേക്കു മടങ്ങിവരിക എന്നത് മാത്രമാണ്. അന്ത്യകാലത്തിന്റെ അന്ത്യനിമിഷത്തിലേക്ക് നാം എത്തിച്ചേർന്നിരിക്കുകയാണ്. രാത്രി കഴിയാറായി; രക്ഷയുടെ പകൽ അടുത്തെത്തിയിരിക്കുന്നു. അതുകൊണ്ട്, നാം അന്ധകാരത്തിന്റെ പ്രവൃത്തികൾ ഉപേക്ഷിക്കുകയും പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുകയും ചെയ്യുക. പകൽസമയത്തെന്നപോലെ നമ്മുടെ ജീവിതരീതി മാന്യമായിരിക്കട്ടെ. വിശുദ്ധന്മാരെ ചേർക്കുവാനുള്ള കർത്താവിന്റെ പ്രത്യക്ഷതയ്ക്കായി ഒരുങ്ങുവാൻ എല്ലാവരെയും ഉത്സാഹിപ്പിച്ചുകൊണ്ട് നേർവീഥിയുടെ ഈ ലക്കം സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 12 ലക്കം 6
ജൂൺ 2023

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ഭക്തിയുടെ മുഖംമൂടി** 4
ജോയ് എം. തോമസ്

**സ്നേഹത്താലുള്ള നിത്യദാസ്യത്വം** 7
സാജു മാത്യു

**ഈ ലോകം വിട്ടാൽ നാം എങ്ങോട്ട്?** 9
ജോർജ് മാത്യു, പുതുപ്പള്ളി

**എന്തുകൊണ്ട് സർക്കാർനിയമങ്ങൾ....** 11
ചെയ്സ് ജോസഫ്

**മഹാനിയോഗം** 14
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**യേശു എന്നിൽ ജീവിക്കുന്നു എങ്കിൽ....** 18
ഷാജി ഉമ്മൻ

**വനിതാ വീഥി** 21

**വേദ അധ്യയനം** 24
ജോയ് എം. തോമസ്

**ദാസന്റെ വിധേയത്വം** 26

**വാർത്താ വീഥി** 30

**ശിഷ്യത്വവും ദാസ്യത്വവും** 31
എംസി

**സന്ദേശം**



**ജോയ് എം. തോമസ്**

# ഭക്തിയുടെ മുഖംമൂടി...

**ആ**ധ്യാത്മിക ലോകത്ത് ഭക്തിക്ക് വലിയ സ്ഥാനമുണ്ട്. ഭക്തന്മാർ ജനപ്രിയരായിത്തീരുന്നു. ഏത് മതത്തിലായാലും ആത്മീയഗുരുക്കളെ കണ്ണടച്ചു വിശ്വസിക്കുന്ന അനുയായികളെ നാം കണ്ടുവരുന്നു. അതായിരിക്കണം 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ് ' എന്ന് കാറൽമാർക്സ് അഭിപ്രായപ്പെടുവാൻ കാരണം. രാഷ്ട്രീയനേട്ടങ്ങൾക്കായി മതത്തെയും വിശ്വാസത്തെയും ഒക്കെ മറയാക്കുന്നത് നാം കണ്ടുവരുന്ന യാഥാർത്ഥ്യമാണ്.

ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ വീണ്ടുംജനനം പ്രാപിച്ച് ദൈവമക്കളായിത്തീർന്നിട്ടുള്ളവർക്ക് ദൈവവുമായുള്ള ആത്മബന്ധം അവരുടെ ഏറ്റവും വലിയ അനുഭവസമ്പത്താണ്. അവർക്കു ക്രിസ്തീയജീവിതം പ്രായോഗികയാഥാർഥ്യവും ആനന്ദകരമായ അനുഭവവും ആണ്. അവർ എല്ലാവരെയും വിവേചിച്ച് തെറ്റും ശരിയും വേർതിരിച്ച് മനസ്സിലാക്കുവാൻ പ്രായോഗിക ബുദ്ധി ഉള്ളവരാണ്. ദൈവാത്മാവിന്റെ നിയന്ത്രണത്തിൽ അവർ തങ്ങളെത്തന്നെ സമർപ്പിച്ചിരിക്കുന്നു എന്നതാണ് അതിന്റെ കാരണം. അവരാണ് 'ആത്മീകർ' എന്ന പേരിന് യോഗ്യർ! ആത്മികൻ സകലത്തെയും വിവേചിക്കുന്നു എന്നു തിരുവചനവും സാക്ഷിക്കുന്നു (1 കൊരിന്ത്യർ 2:15).

കർത്താവിന്റെ വരവ് ഏറ്റവും സമീപമായിട്ടുള്ള ഒരു സമയത്താണ് നാം വന്നെത്തിയിരിക്കുന്നത്. ഈ സമയത്തെ നാം വിവേചിച്ച് മനസ്സിലാക്കണം. മൂക്കത്ത് വിരൽ വെച്ചു പോകത്തക്ക നിലയിലുള്ള കാര്യങ്ങൾ ആത്മീയലോകത്ത് അരങ്ങേറുന്നത് കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ അതിശയിക്കരുത്. പ്രത്യുത, ആത്മീയലോകത്തെ ഇളക്കിമറിച്ച് ഇരമ്പിക്കയറുന്ന കപട ആത്മീയതയുടെ ശക്തമായ ഒഴുക്കിൽപ്പെട്ട് നാം നശിച്ചുപോകാതെ, നമ്മെത്തന്നെ സൂക്ഷിക്കേണ്ടതിന് ജാഗ്രതയുള്ളവരാകണം.

**ആത്മീയലോകത്ത് അരങ്ങേറുന്നത് കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ അതിശയിക്കരുത്. പ്രത്യുത, ആത്മീയ ലോകത്തെ ഇളക്കിമറിച്ച് ഇരമ്പിക്കയറുന്ന കപട ആത്മീയതയുടെ ശക്തമായ ഒഴുക്കിൽപ്പെട്ട് നാം നശിച്ചു പോകാതെ, നമ്മെത്തന്നെ സൂക്ഷിക്കേണ്ടതിന് ജാഗ്രതയുള്ളവരാകണം.**

അവസാനനാളുകളിൽ ക്ലേശപൂർണ്ണമായ സമയങ്ങൾ (ദുർഘടസമയങ്ങൾ) വരും എന്ന മുന്നറിയിപ്പ് പൗലോസ് അപ്പോസ്തലനിലൂടെ പരിശുദ്ധാത്മാവ് നമുക്ക് നൽകിയിട്ടുണ്ട് (2 തിമോഥെയോസ് 3 :1). ഈ സമയത്ത് ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായിത്തീർന്നവർ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരായിത്തീരും എന്നും നമുക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു(2 തിമോഥെയോസ് 3 :5).

ദൈവമക്കൾ എന്നു വിശേഷിപ്പിക്കുന്നവർ ദൈവത്തെ സ്നേഹിക്കുന്നതിന് പകരം സുഖഭോഗങ്ങളിൽ ആസക്തിയുള്ളവരായി മാറിക്കൊണ്ടിരിക്കുന്നു. അഥവാ ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായിത്തീരുന്നു. ഈ അപകടം എത്ര പേർ മനസ്സിലാക്കുന്നുണ്ട് ? ഈ രോഗം പ്രാർത്ഥനാജീവിതത്തെയാണ് ദുർബലപ്പെടുത്തുന്നത്. പ്രാർത്ഥന ദുർബലപ്പെടുമ്പോൾ ദൈവവുമായുള്ള ആത്മബന്ധം ശിഥിലീകരിക്കപ്പെടുന്നു. തത്ഫലമായി ഭക്തിയുടെ ബാഹ്യരൂപം നിലനിർത്തിക്കൊണ്ട് അതിന്റെ ചൈതന്യത്തെ നിഷേധിക്കുന്നവരായിദൈവമക്കൾ അധ:പ്പതിക്കുന്നു.

സുഖഭോഗങ്ങളിൽ ആസക്തി വർദ്ധിക്കുന്നതു നിമിത്തം ദുർബലപ്പെടുന്ന പ്രാർത്ഥനയെക്കുറിച്ച് യാക്കോബ് തന്റെ ലേഖനത്തിൽ നമ്മെ ബോധവൽക്കരിക്കുന്നുണ്ട്. 'നിങ്ങളിൽ ശണ്ഠയും കലഹവും എവിടെ നിന്ന്? നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽ നിന്നല്ലയോ? നിങ്ങൾ മോഹിച്ചിട്ടും പ്രാപിക്കുന്നില്ല; നിങ്ങൾ കൊല്ലുകയും അസൂയപ്പെടുകയും ചെയ്തിട്ടും ഒന്നും സാധിക്കുന്നില്ല; നിങ്ങൾ കലഹിക്കയും ശണ്ഠയിടുകയും ചെയ്തിട്ടും യാചിക്കായ്കകൊണ്ടു കിട്ടുന്നില്ല. നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിനു വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല' (യാക്കോബ് 4 :13). യാക്കോബ് എത്ര വ്യക്തതയോടെയാണ് നമ്മെ പ്രബോധിപ്പിക്കുന്നത്. ദൈവസ്നേഹം ഹൃദയങ്ങളിൽ കുറയുമ്പോൾ ലോകസ്നേഹം വർദ്ധിക്കുകയാണ്. ദൈവസ്നേഹം ഹൃദയങ്ങളിൽ ഉണ്ടെങ്കിൽ അവർ അന്യോന്യം സ്നേഹിക്കുകയും കരുതുകയും ബഹുമാനിക്കുകയും ചെയ്യും. ലോകസ്നേഹം വർദ്ധിക്കുമ്പോൾ ശണ്ഠയും കലഹവും അന്യോന്യം മത്സരിച്ചുള്ള ജീവിതവും ആയിരിക്കും ഉണ്ടാവുക. അപ്പോൾ പ്രാർത്ഥിക്കുന്നത് സ്വാർത്ഥതയിൽ നിന്നുള്ള ദുരാശകൾ സാധിച്ച് കിട്ടുവാൻ ആയിരിക്കും.

ദൈവസ്നേഹത്തിൽ നിന്നും മുളയ്ക്കുന്ന ആഗ്രഹങ്ങൾ മാത്രമാണ് നല്ല ആഗ്രഹങ്ങൾ. അവ നിസ്വാർത്ഥവും ദൈവത്തിന് പ്രസാദമുള്ളവയുമാണ്. കർത്താവിന്റെ മഹത്വം ആണ് അവയുടെ ലക്ഷ്യം. നല്ല ആഗ്രഹനിവർത്തിക്കായി പ്രാർത്ഥിക്കുമ്പോൾ അത് ദൈവഹിതം നിവർത്തിക്കുന്നതിനുള്ള അപേക്ഷയാണ്. ദൈവഹിതം പൂർത്തീകരിക്കപ്പെടുന്നതിന് നാം ദൈവത്തോട് പ്രാർത്ഥിക്കുമ്പോഴാണ് പ്രാർത്ഥന യഥാർത്ഥവും ശക്തിപൂർണ്ണവും ആയിരിക്കുന്നത്. യഥാർത്ഥ പ്രാർത്ഥനാജീവിതം നമ്മെ ദൈവഹിതത്തിന്റെ മധ്യേ സൂക്ഷിക്കുകയും യേശുക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുത്തുകയും ചെയ്യും. ഇപ്രകാരം പ്രാർത്ഥനാജീവിതത്തിൽ ഊന്നിയുള്ള ഭക്തി ശക്തിയുള്ളതാണ്, അത് ചൈതന്യം നിറഞ്ഞതാണ്. ഇങ്ങനെയുള്ള ഭക്തന്മാരുടെ ജീവിതം അനേകരുടെ ആത്മീകവളർച്ചയ്ക്ക് പ്രോത്സാഹനം നൽകുന്നതാണ്.

ദൈവത്തോടുള്ള സ്നേഹവും തൽഫലമായുള്ള സമർപ്പണവും ദൈവത്തിനായി ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള ഉത്സാഹവും എല്ലാം ഭക്തിയുടെ ചൈതന്യമാണ്, അഥവാ ശക്തിയാണ്. യഥാർത്ഥ ദൈവഭക്തിയുടെ അലങ്കാരം താഴ്മയാണ്. താഴ്മയിൽ നിന്ന് അപരനെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മനോഭാവം ഉടലെടുക്കുന്നു. എന്നാൽ ഭക്തിയുടെ ചൈതന്യം നഷ്ടപ്പെട്ടാലോ? ബാഹ്യരൂപം മാത്രം നിലനിൽക്കും. പ്രാർത്ഥനയും ഉപവാസവും പ്രവർത്തനങ്ങളും വചനപഠനവും ഒക്കെ ഉണ്ടായിരിക്കും. പക്ഷെ അതൊക്കെയും ഭൗതിക കാര്യസാധ്യത്തിനായിരിക്കും; പേരിനും പദവിക്കും അംഗീകാരത്തിനും വേണ്ടിയുള്ള ആത്മീയപ്രവർത്തനങ്ങളും, പാണ്ഡിത്യം തെളിയിക്കാനുള്ള വചനപഠനവും ഒക്കെയായിത്തീരുന്നു. പ്രിയരേ, നമ്മുടെ ആത്മീകതയെ കുറിച്ച് നാം നമ്മെത്തന്നെ ശോധന ചെയ്യേണ്ടത് വളരെ അത്യാവശ്യമായിരിക്കുന്നു.

ഭക്തിയുടെ വേഷം ധരിച്ച് ചൈതന്യത്തെ നിഷേധിക്കുന്നവർ വർദ്ധിക്കുന്നു എന്നുള്ളത് ഖേദകരമാണ്. അവർ ഭൂരിപക്ഷമാകും എന്നാണല്ലോ വചനത്തിൽ നൽകിയിരിക്കുന്ന മുന്നറിയിപ്പ്. ഇതു കാണുന്ന യഥാർത്ഥ ഭക്തന്മാരുടെ മനം ഉരുകും എന്നത് ഒരു യാഥാർത്ഥ്യമാണ്. തമ്മിൽത്തല്ലും അന്യോന്യം ഉള്ള ആക്ഷേപങ്ങളും സ്ഥാനമാനങ്ങൾക്ക് വേണ്ടിയുള്ള വടംവലിയും ... ഇങ്ങനെ ആത്മീയലോകം കലങ്ങി മറിയുമ്പോൾ വാസ്തവത്തിൽ നാം അതിശയിക്കേണ്ടതില്ല. ഭക്തിയുടെ വേഷം കെട്ടുന്നവരെക്കുറിച്ച് പ്രതീക്ഷയില്ല. ഇതെല്ലം അവർ അറിഞ്ഞു കൊണ്ടാണ് ചെയ്യുന്നത് എന്നുള്ളതുകൊണ്ട് അവർക്കായി പ്രാർത്ഥിച്ചിട്ടും കാര്യമില്ല എന്ന് തോന്നുന്നു (1 യോഹന്നാൻ 5:16). കാരണം മാനസാന്തരപ്പെടുവാൻ കഴിയാതെവണ്ണം

ഹൃദയം കഠിനപ്പെട്ടു പോയി പലരുടെയും!

ഭക്തിയുടെ ചൈതന്യം നമ്മിൽ നിലനിർത്തുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവോ എന്നതാണ് നാം ഓരോരുത്തരും നമ്മോട് തന്നെ ചോദിക്കേണ്ട ചോദ്യം. യഥാർത്ഥ ഭക്തനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അതിനുള്ള ആത്മാർത്ഥതയാണ് ഒന്നാമതായി വേണ്ടത്. ഹൃദയത്തെ പരിശോധിക്കുക. സ്വന്തഹൃദയത്തിൽ താലോലിക്കപ്പെടുന്ന ജീവിതാഭിലാഷങ്ങളെ ശോധന ചെയ്യുക. ഭക്തിവിരുദ്ധമായതിനെ ഹൃദയത്തിൽ നിന്നും പിഴുതെറിയുക. ദൈവത്തെ പ്രസാദിപ്പിക്കുക എന്നതിൽ ഹൃദയത്തെ ഏകാഗ്രപ്പെടുത്തുക. പുറമേ നാം എന്തു പറയുന്നു എന്നതല്ല അകത്ത് അതായത് ഹൃദയത്തിനുള്ളിൽ നാം എന്തു ചിന്തിക്കുന്നു, എന്താഗ്രഹിക്കുന്നു എന്നതാണ് അതിപ്രധാനമായത്. നമ്മോട് യാക്കോബ് പറയുന്നത് ശ്രദ്ധിക്കുക: നിങ്ങളിൽ ഒരുത്തൻ തന്റെ നാവിന് കടിഞ്ഞാൺ ഇടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ തന്റെ ഭക്തി വ്യർത്ഥമത്രേ (യാക്കോബ്1:26).

ഭക്തി വെളിപ്പെടുന്ന രണ്ട് മേഖലകളെ യാക്കോബ് നമുക്ക് കാണിച്ചു തരുന്നു. ദൈവസ്നേഹത്തിന്റെ നീർച്ചാലുകളായി നമ്മിൽ നിന്നും പുറപ്പെടുന്ന സൽപ്രവർത്തികളും, ദൈവത്തോടുള്ള ആത്മാർത്ഥസ്നേഹത്തിന്റെ പ്രതിഫലനമായ വിശുദ്ധജീവിതവുമാണ് അവ. യാക്കോബ് പറയുന്നു: പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും, ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു( യാക്കോബ് 1:27). അശരണരായ അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ കാണുക, അവർക്കായി കരുതുക; ആശ്വാസവും പ്രോത്സാഹനവും പകരുവാൻ ആവശ്യമായത് ചെയ്യുക. അവരെയും നമ്മുടെ സമസൃഷ്ടങ്ങളായി ഉൾക്കൊണ്ട് അവർക്കായി ചെയ്യേണ്ടത് ചെയ്യുക എന്നത് നമ്മുടെ കടമയും ഉത്തരവാദിത്വവും ആണെന്ന് ഭക്തർ തിരിച്ചറിയുന്നു. അപ്പോൾത്തന്നെ ലോകത്താലുള്ള കളങ്കം പറ്റാതെ അവർ തങ്ങളെത്തന്നെ സൂക്ഷിക്കുന്നു. ചൈതന്യം നിലനിൽക്കുന്ന ദൈവഭക്തിയുടെ ദൃഷ്ടാന്തമാണ് ഇത്.

ഭക്തിയുടെ വേഷം ധരിച്ചാൽ പോരാ; അതിന്റെ ശക്തി ഉൾക്കൊണ്ട് യഥാർത്ഥ ഭക്തരായി ജീവിക്കുവാൻ നമുക്ക് കഴിയട്ടെ. ലോകത്ത് അല്പമെങ്കിലും പ്രകാശം പരത്തുവാൻ നമുക്ക് ഇടയായാൽ നമ്മുടെ ജീവിതം ധന്യമായി! ●



***നിങ്ങൾ എന്തു പറഞ്ഞു കൊടുക്കുന്നു എന്നതിലുപരി, രക്ഷകർത്താവ് എന്ന നിലയിൽ നിങ്ങളിൽ പ്രകടമാകുന്ന മനോഭാവമാണ് കുട്ടികൾ ഉൾക്കൊള്ളുന്നത്. നിങ്ങൾ എന്തെല്ലാം പഠിപ്പിക്കാൻ പരിശ്രമിച്ചു എന്നത് കുഞ്ഞുങ്ങൾ മറന്നു പോയേക്കാം; എന്നാൽ നിങ്ങളിൽ കണ്ടതും നിങ്ങൾ എന്താണ് എന്നതും അവർ ഓർമ്മിക്കുകതന്നെ ചെയ്യും.***



സാജു മാത്യു

# സ്നേഹത്താലുള്ള നിത്യദാസ്യത്വം

***യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ടു ചെന്ന് കതകിന്റെയോ കട്ടിളക്കാലിന്റെയോ അടുക്കൽ നിർത്തിയിട്ട് സൂചികൊണ്ട് അവന്റെ കാതു കുത്തിത്തുളയ്ക്കണം. പിന്നെ അവൻ എന്നേക്കും അവന് ദാസനായിരിക്കേണം (പുറപ്പാട് 21: 6)***

**നെ**പ്പോളിയൻ ഈജിപ്ത് ആക്രമിക്കുമ്പോൾ ഈജിപ്ഷ്യൻ പട്ടാളത്തിന്റെ രണ്ടാം റജിമെന്റിൽ പ്ലേഗ്ബാധ പൊട്ടിപ്പുറപ്പെട്ടു. പ്ലേഗ്ബാധിതരുടെ ചികിത്സയ്ക്കായി ഒരു ഡോക്ടറും അദ്ദേഹത്തിന്റെ ദാസനും നിയമിക്കപ്പെട്ടു. നിർഭാഗ്യകരമെന്നു പറയട്ടെ, താമസിയാതെ ഈ ഡോക്ടറും പ്ലേഗ്ബാധിതനായി. പ്ലേഗ്ബാധിതരെ ഒരു പ്രത്യേക ക്യാമ്പിൽ മാറ്റിപ്പാർപ്പിച്ചിരിക്കുകയായിരുന്നു. മറ്റുള്ളവരുടെ സുരക്ഷയെ കരുതി ഡോക്ടറും ആ ക്യാമ്പിലേക്കു മാറിത്താമസിക്കുവാൻ പട്ടാളമേധാവി ആവശ്യപ്പെട്ടു. ഇനി ജീവിതം ചില ദിവസങ്ങളിലേക്കുകൂടെ മാത്രം. ഈ സമയത്ത് ഡോക്ടറുടെ ദാസൻ, തന്നെക്കൂടെ അദ്ദേഹത്തോടൊപ്പം പ്ലേഗ്ബാധിതരുടെ കൂടാരത്തിലേക്കു കൊണ്ടുപോകണമെന്ന് അപേക്ഷിച്ചു. "അങ്ങയെ ശുശ്രൂഷിച്ചുകൊണ്ട് ഞാൻ ആ ക്യാമ്പിൽ അങ്ങയോടൊപ്പം കഴിഞ്ഞുകൊള്ളാം"."ഒരു കാരണവശാലും അത് സാധ്യമല്ല" ഡോക്ടർ പറഞ്ഞു. പ്ലേഗ്ബാധിതരുടെ കൂടാരത്തിൽ താമസിക്കാൻ ആരോഗ്യമുള്ള ആരെയും അനുവദിക്കില്ല.

"ഞാൻ ആരുമറിയാതെ ക്യാമ്പിൽ നുഴഞ്ഞുകയറിയാലോ?" ദാസൻ ചോദിച്ചു."അത് അപകടമാണ്" ഡോക്ടർ പറഞ്ഞു. "പിടിക്കപ്പെട്ടാൽ അവർ നിന്നെ കൊന്നുകളയും. തന്നെയുമല്ല, നീ ഞങ്ങളുടെ കൂടെ കഴിഞ്ഞാൽ നിനക്കും പ്ലേഗ് പിടിക്കില്ലെന്ന് എന്താണുറപ്പ്? വേണ്ട... ഞങ്ങൾ പ്ലേഗ്ബാധിതർ; മരണത്തിനു വിധിക്കപ്പെട്ടവർ. ഞങ്ങൾ മരിച്ചോളാം... നീ രക്ഷപെടാൻ നോക്ക്" ഡോക്ടർ പറഞ്ഞു. "ഇല്ല യജമാനനേ! അങ്ങയെ വിട്ടുപിരിയാൻ മാത്രം എന്നോടു പറയരുത്! മരണം എന്നെ ഭീതിപ്പെടുത്തുന്നില്ല. അങ്ങയെ വിട്ടുപിരിയുന്നത് എനിക്കു മരണത്തെക്കാൾ ഭയാനകമാണ്" ദാസൻ പറഞ്ഞു.

താമസിയാതെ ഡോക്ടർ, പ്ലേഗ്ബാധിതരുടെ ക്യാമ്പിലേക്ക് മാറ്റപ്പെട്ടു. അദ്ദേഹത്തെ അനുഗമിക്കാൻ പട്ടാളക്കാർ ദാസനെ അനുവദിച്ചില്ല. എന്നാൽ

**എന്നാൽ യജമാനനോടുള്ള സ്നേഹത്തിൽ സ്വന്തജീവനെ നോക്കാതെ ശുശ്രൂഷ ചെയ്ത ഈ ദാസനെ പട്ടാളമേധാവി ശിക്ഷിച്ചില്ല; പകരം പട്ടാളത്തിൽ ഉയർന്ന റാങ്കു നൽകി അവനെ സേവനത്തിൽ എടുത്തു.**

അന്നുരാത്രി ദാസൻ ആരുമറിയാതെ മുട്ടിലിഴഞ്ഞ് ടെന്റിന്റെ വിടവിലൂടെ പ്ലേഗ്ബാധിതരുടെ ക്യാമ്പിൽ കയറി. മരണത്തെ പേടിച്ചുകഴിഞ്ഞ പട്ടാളക്കാർ പ്ലേഗ്ബാധിതരുടെ ടെന്റിൽ പരിശോധനയൊന്നും നടത്തിയിരുന്നില്ല. തന്റെ യജമാനനെ സേവിച്ചുകൊണ്ട് ഈ ദാസൻ ക്യാമ്പിൽ തന്നെ കഴിഞ്ഞു. ചില ദിവസങ്ങൾക്കുള്ളിൽ ഡോക്ടർ മരണമടഞ്ഞു. കരഞ്ഞുകൊണ്ട് ദാസൻ പട്ടാളക്യാമ്പിൽ മടങ്ങിയെത്തി. നിയമംതെറ്റിച്ച തനിക്ക് മരണംതന്നെ ലഭിക്കുമെന്ന് അവനറിയാമായിരുന്നു. എന്നാൽ ഇനിയിപ്പോൾ അവന് മരിക്കാൻ പേടിയില്ല. തന്റെ യജമാനന് ആവശ്യമുള്ള സേവനം ആവശ്യമുള്ളപ്പോൾ അവൻ കൊടുത്തു കഴിഞ്ഞു. ഇനിയിപ്പോൾ ജീവിതത്തിനും മരണത്തിനും എന്തു വ്യത്യാസം?

എന്നാൽ യജമാനനോടുള്ള സ്നേഹത്തിൽ സ്വന്തജീവനെ നോക്കാതെ ശുശ്രൂഷചെയ്ത ഈ ദാസനെ പട്ടാളമേധാവി ശിക്ഷിച്ചില്ല; പകരം പട്ടാളത്തിൽ ഉയർന്ന റാങ്കുനൽകി അവനെ സേവനത്തിൽ എടുത്തു. ഈ ദാസൻ യജമാനനെ സേവിച്ചത് കൂലി മോഹിച്ചല്ല; നിർബന്ധത്താലുമല്ല; സ്നേഹംകൊണ്ട്– സ്നേഹംകൊണ്ടുമാത്രം! സ്വതന്ത്രനാവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നിട്ടും യജമാനന്റെ സേവനം സ്വന്ത ഇഷ്ടപ്രകാരം തെരഞ്ഞെടുത്ത ദാസൻ!

അടിമസമ്പ്രദായം ഒരു സാമൂഹ്യനിയമമായിരുന്ന കാലയളവിലാണ് ദൈവം യിസ്രായേൽമക്കൾക്ക് മോശെയിലൂടെ ന്യായപ്രമാണം നൽകുന്നത്. യിസ്രായേൽമക്കൾത്തന്നെ മിസ്രയീമിൽ ഫറവോന്റെ അടിമകളായിരുന്നല്ലോ.

മോശെയുടെ ന്യായപ്രമാണം അടിമസമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചു എന്ന് പലരും ആരോപിക്കാറുണ്ട്. എന്നാൽ വാസ്തവം അതല്ല. അടിമകളെ വാങ്ങുന്നതിനെപ്പറ്റിയല്ല, അടിമകളെ സ്വതന്ത്രരാക്കുന്നതിനെപ്പറ്റിയാണ് ന്യായപ്രമാണം ശരിക്കും പ്രതിപാദിക്കുന്നത്.

ചന്തയിൽ ചെന്ന് മനുഷ്യരെ മൃഗങ്ങളെ എന്നതുപോലെ വിലയ്ക്കുവാങ്ങുന്ന സമ്പ്രദായമാണ് അടിമവ്യാപാരം. ആഫ്രിക്കയിൽ ടാൻസാനിയായിലെ ബാഗൊമൊയൊ എന്ന സ്ഥലം കഴിഞ്ഞ നൂറ്റാണ്ടിൽ അടിമവ്യാപാരത്തിന്റെ ഒരു 'ഹബ്ബ്' ആയിരുന്നു. (ആ സ്ഥലം ഞാൻ സന്ദർശിച്ചിട്ടുണ്ട്). കാട്ടിൽനിന്നും നാട്ടിൽനിന്നും ഓടിച്ചിട്ടുപിടിച്ചു കൊണ്ടുവന്ന ആഫ്രിക്കൻ അടിമകളെ ബാഗൊമൊയൊയിലെ ഒരു ബ്ലോക്ക്ഹൗസിൽ കയറ്റി അടച്ചുപൂട്ടുന്നു. ഈ കുടുസ്സുമുറി വായുവോ വെളിച്ചമോ വേണ്ടരീതിയിൽ കടക്കാത്ത ഒന്നാണ്. അതിപ്പോഴും അവിടെയുണ്ട്. അടിമവ്യാപാരികൾ വന്ന് ഓരോരുത്തരെ പുറത്താക്കി, വില പറഞ്ഞ് ഉറപ്പിച്ച് അടുത്തുള്ള പോർട്ടിൽ നിന്ന് കപ്പലിൽ സാൻസിബാറിലേക്കും പിന്നെ അവിടെ നിന്ന് യൂറോപ്പിലേക്കും അറേബ്യയിലേക്കും കടത്തിക്കൊണ്ടുപോകുന്നു. ക്രൂരമായ ആ ചരിത്രത്തിന്റെ ഓർമ്മപ്പാടുകൾ പോലും നമ്മുടെ കണ്ണുകൾ നനയിക്കാതിരിക്കയില്ല.

അടിമകളെ ഓടിച്ചിട്ടു പിടിക്കുകയോ ചന്തയിൽനിന്നു വിലയ്ക്കുവാങ്ങുകയോ ആണ് ചെയ്തിരുന്നത്. ഇത്തരത്തിലൊരു വില്പനയോ വാങ്ങലോ ന്യായപ്രമാണം വിഭാവനം ചെയ്തിട്ടേയില്ല– പ്രത്യേകിച്ചും സ്വജാതിക്കാരുടെ ഇടയിൽ! എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ പട്ടിണി കൊണ്ടോ മറ്റുസാഹചര്യങ്ങളാലോ ഒരാൾക്കു ജീവിതം ഒരുകാരണവശാലും മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ വന്നാൽ അയാൾക്ക് സ്വയംവിറ്റ് അയാളുടെ കടംവീട്ടുകയോ മറ്റുകാര്യങ്ങൾ നിർവഹിക്കുകയോ ചെയ്യാം. എന്നാൽ വാങ്ങുന്നയാൾക്ക് അയാളെ ഒരിക്കലും അടിമയായി കണക്കാക്കാൻ കഴിയില്ല; കാരണം, അയാൾ വിറ്റത് അയാളുടെ 'സ്വത്വ'ത്തെയല്ല (self), പ്രത്യുത സേവനത്തെയാണ് (service). അതുകൊണ്ട് ന്യായപ്രമാണപ്രകാരം യിസ്രായേല്യരിൽ അടിമകളില്ല; സേവകരേയുള്ളൂ... വിലയെന്ന നിലയിൽ അവർ വാങ്ങുന്ന പണത്തിന് പിന്നീടുള്ള കാലയളവിൽ പണിയെടുക്കണം. കൂലി നേരത്തെ വാങ്ങിച്ചെയ്യുന്ന ഒരു കരാർജോലി പോലെയെ ഉള്ളൂ അത് (ലേവ്യപുസ്തകം 25: 39–43). ഈ സേവന കാലയളവു തന്നെ ന്യായപ്രമാണം ആറുസംവത്സരമായി ചുരുക്കിയിരിക്കുന്നു. "ഒരു എബ്രായദാസനെ വിലയ്ക്കുവാങ്ങിയാൽ ആറു സംവത്സരം സേവിച്ചിട്ട് ഏഴാം സംവത്സരത്തിൽ അവൻ ഒന്നും കൊടുക്കാതെ സ്വതന്ത്രനായി പൊയ്ക്കൊള്ളട്ടെ" (പുറപ്പാട് 21: 2).

അതായത് നിന്റെ ദാസൻ നിനക്ക് എത്ര രൂപ കടംപെട്ടിട്ടുണ്ടെങ്കിലും എത്ര വലിയ തുക അവനു നീ വിലയായി കൊടുത്തിട്ടുണ്ടെങ്കിലും അതെല്ലാം ആറു സംവത്സരങ്ങളിലെ കൂലിയിൽ ഒതുങ്ങുന്നു! ഏഴാം സംവത്സരം സ്വാതന്ത്ര്യ

ശേഷം പേജ് 28▶



ജോർജ് മാത്യു, പുതുപ്പള്ളി

# ഈ ലോകം വിട്ടാൽ നാം എങ്ങോട്ട്?

**വ**ർഷങ്ങൾക്കു മുമ്പ് ഇന്ദ്രപ്രസ്ഥത്തിലെ സഫ്ദർജംഗ് എൻക്ലേവിലുള്ള ഗ്രീൻപാർക്കിലിരുന്നു കാറ്റു കൊള്ളുമ്പോൾ ഞാൻ ഒരു വിചിത്ര കാഴ്ച കണ്ടു. പൂർണ്ണനഗ്നനായ ഒരു വൃദ്ധസന്യാസി കൈമണിയും കിലുക്കി നടുറോഡിലൂടെ നടന്നുവരുന്നു. തല മൊട്ടയടിച്ച അൽപവസ്ത്രധാരികളായ ചില ശിഷ്യന്മാരും അദ്ദേഹത്തിന്റെ കൂടെയുണ്ട്. ഗ്രീൻപാർക്കിൽ വിശ്രമത്തിനെത്തിയ ആരിലും ഈ കാഴ്ച കൗതുകം പകർന്നില്ല. കാരണം അവർക്ക് അതൊരു പുതുമ നിറഞ്ഞ അനുഭവമല്ലായിരുന്നു.

ജീവിതത്തിൽ ആദ്യമായി ഇത്തരമൊരു കാഴ്ച കണ്ട ഞാൻ അമ്പരപ്പോടെ കൂടെയുണ്ടായിരുന്ന പത്രസുഹൃത്തിനോട് തിരക്കി. എന്താണ് ഈ പകൽ സ്ട്രീക്കിംഗിന്റെ ഉദ്ദേശ്യം? ഇങ്ങനെ നടന്നാൽ പൊലീസ് അറസ്റ്റ് ചെയ്യുകയില്ലേ? തദ്ദേശവാസിയായ സുഹൃത്ത് പറഞ്ഞു. ഫാദർ, ഇവിടെയുള്ളവർക്ക് ഇതൊരു പുതിയ കാഴ്ചയല്ല. നഗ്നസന്യാസി ഇവിടുത്തെ അറിയപ്പെടുന്ന ഒരു മതനേതാവാണ്. ധാരാളം അനുയായികൾ അദ്ദേഹത്തിനുണ്ട്. സിരാകേന്ദ്രത്തിൽ ഭരണ ചക്രം തിരിക്കുന്ന പ്രമുഖന്മാർ പോലും അദ്ദേഹത്തിന്റെ ശിഷ്യഗണത്തിലുണ്ട്.'

ഞങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ മതമേധാവി തൊട്ടടുത്ത റോഡിലൂടെ നടന്നുനീങ്ങി. ഞാൻ അദ്ദേഹത്തെ ഒന്നേ നോക്കിയുള്ളൂ, അറിയാതെ കണ്ണുകൾ അടഞ്ഞുപോയി. സന്യാസി പുറംതിരിഞ്ഞു നടക്കുമ്പോൾ അദ്ദേഹത്തിന്റെ നടപ്പിലെ പ്രത്യേകത എന്റെ ശ്രദ്ധയിൽപ്പെട്ടു. സർക്കസ് അഭ്യാസികൾ കാൽവിരലുകൾ മാത്രം നിലത്തൂന്നി റിംഗിലൂടെ നടക്കുന്നതുപോലെ. നഗ്നപാദനായിരുന്നു അദ്ദേഹം. അത്ഭുതം പൂണ്ടു നിന്ന എന്നോട് സുഹൃത്ത് പറഞ്ഞു: അദ്ദേഹം ജൈനമതത്തിലെ ആദ്ധ്യാത്മിക നേതാവാണ്. ഒരു എറുമ്പിനെപ്പോലും ഉപദ്രവിക്കുവാൻ അവരുടെ ഉപദേശം അനുവദിക്കുകയില്ല. നടക്കുമ്പോൾ എറുമ്പുപോലും ചാകാതിരിക്കുവാനാണ് ബലം പ്രയോഗിച്ച് ഇങ്ങനെ ഉപ്പൂറ്റി നിലത്തു കുത്താതെ പൊങ്ങി നടക്കുന്നത്.'

ജൈനമതത്തിലെ വിചിത്രാചാരങ്ങൾ പത്രസുഹൃത്ത് വിശദീകരിച്ചു. മനുഷ്യനന്മയ്ക്കും ജന്തുസ്നേഹത്തിനും പേരുകേട്ടതാണ് ജൈനമതം. പക്ഷികൾക്കും മൃഗങ്ങൾക്കും വേണ്ടിയുള്ള ഒരു ആശുപത്രി തന്നെ അവർക്ക് അവിടെയുണ്ട്. മുൻ പ്രധാനമന്ത്രി മൊറാർജിദേശായി ആ വിശ്വാസങ്ങൾ ആചരിച്ചു വന്നിരുന്ന വ്യക്തിയായിരുന്നു. നഗ്നസന്യാസി വസ്ത്രം ധരിച്ചു നിൽക്കുമ്പോൾ അദ്ദേഹവുമായി ഒരു അഭിമുഖം തരപ്പെടുത്തിത്തരാമോയെന്ന് ഞാൻ സുഹൃത്തിനോട് തിരക്കി. ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: അങ്ങനെ ഒരു സന്ദർഭം ഉണ്ടാകുവാൻ യാതൊരു സാദ്ധ്യതയുമില്ല. അദ്ദേഹം സമാധിയാകുമ്പോൾ മാത്രമായിരിക്കും വസ്ത്രം ധരിപ്പിച്ചു കാണുക.' ഡൽഹിയിലെ സൗത്ത് എൻക്ലേവിൽ അന്തേവാസികൾ ജീവിതകാലം മുഴുവൻ മൗനവ്രതമാചരിച്ചു കഴിയുന്ന ഒരു ആശ്രമമുണ്ടെന്നും സുഹൃത്ത് പറഞ്ഞു. അവരുടെ ലക്ഷ്യം മോക്ഷപ്രാപ്തി തന്നെ. പൊതുലോകവുമായി അവർക്കൊരു സമ്പർക്കവുമില്ല. പുറത്തു നിന്നാർക്കും അവിടെ പ്രവേശനവുമില്ല. പത്രപ്രവർത്തകർക്കു പോലും

അതിനുള്ളിൽ പ്രവേശിക്കുവാൻ കഴിയുകയില്ല.

കഠിനമായ അനുഷ്ഠാനങ്ങളാലും ആചാരങ്ങളാലും മോക്ഷം നേടുവാൻ ശ്രമിക്കുന്ന നിഷ്കളങ്കരും സത്യസന്ധരുമായ അനേകായിരങ്ങളെ ഇത്തരം മതങ്ങളിൽ കാണുവാൻ കഴിയും. മനുഷ്യനന്മയുടെയും കരുണയുടെയും കാര്യത്തിൽ അവർ വളരെ മുമ്പിലായിരിക്കും. അവരുടെ ലക്ഷ്യവും നല്ലതായിരിക്കും. പക്ഷെ അവർ മോക്ഷപ്രാപ്തിക്കായി അവലംബിക്കുന്ന മാർഗം മാത്രം തെറ്റായിട്ടുള്ളതാണ്. വായ് മൂടിക്കെട്ടി സമാധാന സന്ദേശമെഴുതിയ പ്ലാക്കാർഡ് ഉയർത്തിക്കാട്ടി നഗരവീഥിയിലൂടെ നടന്നുനീങ്ങുന്ന സന്യാസിമാരെയും ഞാൻ കണ്ടിട്ടുണ്ട്. നാം ചോദിക്കുന്ന സംശയങ്ങൾക്ക് ഉത്തരം പറയാതെ കടലാസിൽ മറുപടി കുറിച്ചു തരാനേ അവർ തയാറാകൂ. ഇളം കാവിവസ്ത്രം ധരിച്ചു, തകിൽ പോലൊരു ഉപകരണവും കൊട്ടി പാഴ്സനേജിൽ കടന്നു വന്നിട്ടുള്ള ബുദ്ധഭിക്ഷുക്കളും അനവധിയാണ്. അവരോടൊക്കെ അവരുടെ ജീവിതലക്ഷ്യത്തെക്കുറിച്ചു ഞാൻ സംസാരിച്ചിട്ടുണ്ട്. ആഗ്രഹങ്ങളെ കീഴടക്കണമെന്നും അതുവഴി ജീവിതസാഫല്യം കരസ്ഥമാക്കി നിർവാണം പ്രാപിക്കണമെന്നുമല്ലാതെ, മരണാനന്തര ജീവിതത്തെക്കുറിച്ചോ, സ്വർഗ്ഗനരകങ്ങളെപ്പറ്റിയോ വ്യക്തമായ ഒരു ചിത്രം നൽകുവാനുള്ള അറിവോ ബോധ്യമോ അവർക്കില്ല. ജീവങ്കലേക്കുള്ള വഴിയായ യേശു കർത്താവിനെ അവർ അറിഞ്ഞിട്ടേയില്ല.

ഒരിക്കൽ കുത്തബ്മിനാർ സന്ദർശിച്ചശേഷം അതിന് എതിർവശത്തുള്ള ഊഷരവഴിയിലൂടെ ദീർഘദൂരം ഏകനായി ഞാൻ നടന്നുപോയി. ആ പ്രദേശം എന്നെ വളരെ ആകർഷിച്ചതിനാൽ ഒരു കൗതുകത്തിന് അങ്ങനെ ചെയ്തെന്നേയുള്ളൂ. വഴി ചെന്നവസാനിച്ചത് ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ഒരു കോട്ടയിലാണ്. മനുഷ്യരെ ആരെയും അവിടെ കാണാത്തതിനാൽ സ്ഥല മേതാണെന്നു വ്യക്തമായില്ല. പെട്ടെന്ന് ദൂരെ ഒരു കൊച്ചു ദൈവാലയം എന്റെ ശ്രദ്ധയിൽപ്പെട്ടു. ഞാൻ അവിടേക്ക് നടന്നു. വളരെ പ്രായം ചെന്ന ഒരു സ്ത്രീ ഇംഗ്ലീഷിൽ വിശുദ്ധ വേദപുസ്തകം വായിക്കുന്നതു ഞാൻ കേട്ടു. അവിടെ ശുശ്രൂഷിച്ചിരുന്ന ഒരു ആംഗ്ലിക്കൻ വൈദികന്റെ വിധവയായിരുന്നു അത്. ഏകദേശം തൊണ്ണൂറ് വയസ് പ്രായം വരും. മക്കളൊക്കെ വിദേശങ്ങളിലാണ്. സഹായത്തിനു പരിചാരകരുണ്ട്. ആ വയോവൃദ്ധ എന്നെ ഹൃദ്യമായി സ്വാഗതംചെയ്തു. ഭക്ഷണപാനീയങ്ങൾ നൽകി. ക്രിസ്തുവിലുള്ള പ്രത്യാശയെക്കുറിച്ച് വിശദമായി സംസാരിച്ചു. കർത്താവിന്റെ വരവിനുവേണ്ടി താൻ നോക്കിപ്പാർത്തിരിക്കുകയാണെന്ന് അറിയിച്ചു.തൊലി ചുളുങ്ങിയ അവരുടെ മുഖത്ത് ദൈവികസന്തോഷം അലയടിക്കുന്നത് ഞാൻ കണ്ടു.വൈദികൻ ആയിരുന്ന എന്നോട് ക്രിസ്തുവിൽ നമുക്ക് ഉണ്ടായിരിക്കേണ്ട പ്രത്യാശയെക്കുറിച്ച് അത്രയും വിശദമായി ആദ്യം സംസാരിച്ചത് ഒരുപക്ഷെ അവരായിരിക്കാം. അവർ എന്നേ മരിച്ച് മണ്ണോടു മണ്ണായിക്കാണും. എങ്കിലും അവരുടെ ആത്മാവ് പറുദീസയിൽ വിശ്രമിക്കുന്നുണ്ടാവും.

മരണാനന്തരമുള്ള നിത്യതയെക്കുറിച്ച് നമുക്ക് മനസിലാക്കിത്തരുവാനാണ് സ്വർഗത്തിൽ നിന്നും ദൈവം തന്റെ പുത്രനായ യേശുകർത്താവിനെ ഈ ലോകത്തിലേക്ക് അയച്ചത്. എന്നിലൂടെയല്ലാതെ ആരും നിത്യതയിൽ പിതാവിന്റെ സന്നിധിയിൽ എത്തുന്നില്ല എന്ന് യേശു പറഞ്ഞു. അവിടുന്ന് നിത്യതയിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്ന വാതിലാണ്. അവിടുന്നു തന്നെയാണ് നിത്യതയിലേക്ക് നമ്മെ നയിക്കുന്ന സത്യമായ ജീവനുള്ള വഴിയും. അവിടുത്തെ വചനങ്ങൾ നമ്മുടെ കാലുകൾക്കു ദീപവും പാതയ്ക്ക് പ്രകാശവും ആയിരിക്കുന്നതുപോലെ തന്നെ, നമ്മുടെ സമസ്യഷ്ടങ്ങൾക്കും നിത്യതയെക്കുറിച്ചുള്ള അവബോധം നാം നൽകണം. അതിനായി വാതിലും വഴിയുമായ ക്രിസ്തുവിനെ, അജ്ഞതയുടെ അന്ധകാരത്തിൽ കഴിയുന്ന നമ്മുടെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്നു മാംസവുമായ സഹജർക്ക് വചനത്തിലൂടെ വെളിപ്പെടുത്തിക്കൊടുക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്.

അനേകർ നല്ല ആഗ്രഹത്തോടുകൂടെ കഠിന പരിശ്രമം നടത്തിയിട്ടും ലക്ഷ്യത്തിലേക്കു പോകുവാൻ സാധിക്കാതെ വിഷമിക്കുമ്പോൾ, യാതൊരു യോഗ്യതയുമില്ലാതിരുന്നിട്ടും യേശുകർത്താവിന്റെ ആർദ്രതയുള്ള കണ്ണുകൾ നമ്മെത്തേടി വന്നതിൽ നാം എത്രയോ ഭാഗ്യശാലികളാണ്.

ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചുവച്ച ഈ മഹാഭാഗ്യം ശിശുക്കളായ നമുക്ക് നൽകാൻ കനിവുണ്ടായ മഹാദൈവം എത്രയോ കാരുണ്യവാനാണ്. (മത്തായി 11:25). അനുഷ്ഠാനങ്ങൾക്കും കർമ്മങ്ങൾക്കും കഠിനതപസിനും തീർത്ഥയാത്രയ്ക്കും സാധിക്കാത്തത് വിശ്വാസത്തിലൂടെ നമുക്ക് സാധിച്ചിരിക്കുന്നു.

തന്റെ ലംഘനങ്ങളെ മറച്ചു വയ്ക്കാതെ ദൈവത്തോട് ഏറ്റു പറഞ്ഞുപക്ഷിക്കുന്നവർക്കു പാപക്ഷമ ലഭിക്കും. അതെ, ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന യേശുവിന്റെ പുണ്യാഹരക്തം നമ്മുടെ പാപങ്ങളെ കഴുകിക്കളഞ്ഞ് നമ്മെ നിത്യരക്ഷയ്ക്ക് അവകാശികളാക്കി തീർത്തിരിക്കുന്നു. •



ചെയ്സ് ജോസഫ്

# എന്തുകൊണ്ട് സർക്കാർനിയമങ്ങൾ അനുസരിക്കണം?

ഗഹനമായ വേദശാസ്ത്ര പഠനങ്ങൾക്ക് ശേഷം ഒരു സഭയിൽ ഈ വേദശാസ്ത്രം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പൗലോസ് തുടർന്ന് വ്യക്തമാക്കുന്നു. പതിമൂന്നാം അധ്യായം തുടങ്ങുന്നത് ഭരണകൂടങ്ങളും സഭയും തമ്മിലുള്ള ബന്ധം വ്യക്തമാക്കിക്കൊണ്ടാണ്. എല്ലാ അധികാരങ്ങളും ദൈവദത്തമാണെന്നും അതുകൊണ്ട് നാം ഏതു രാജ്യത്തിലായാലും ആ രാജ്യത്തിലെ നിയമങ്ങളോടും ഭരിക്കുന്നവരോടും ബഹുമാനം ഉണ്ടായിരിക്കണം എന്നും ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

എല്ലാ മനുഷ്യരും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴ്പ്പെട്ടിരിക്കട്ടെ (റോമർ13:1) ഈ ശ്രേഷ്ഠാധികാരങ്ങൾ ഒരു സഭയ്ക്കുള്ളിൽ അല്ല ഉള്ളത്. അതു രാജ്യത്തിന്റെ അധികാരികളെ സംബന്ധിക്കുന്നതാണ്. ഈ വാക്യങ്ങൾ പലപ്പോഴും പല സഭയിലും ആളുകളുടെ വിധേയത്വം ഉറപ്പാക്കുന്നതിന് വേണ്ടി പ്രയോഗിക്കാറുണ്ട്. എന്നാൽ ഇങ്ങനെ മറ്റുള്ളവരെ കീഴ്പ്പെടുത്തിയുള്ള ഒരു കർതൃത്വം അല്ലെങ്കിൽ ഒരു ഭരണസംവിധാനം പുതിയനിയമത്തിൽ ഒരു സഭയിലും പാടില്ല. യേശുവിന്റെ കർതൃത്വം സർവ്വാധികാരവും പരമാധികാരവും ഉള്ള കർതൃത്വം ആണെങ്കിലും അത് കർത്താവു നടപ്പാക്കിയത് ഒരു സേവകനെ പോലെ കാൽ കഴുകിക്കൊണ്ടാണ്. ഇവിടെ പറയുന്നത് എല്ലാ മനുഷ്യരും കീഴടങ്ങിയിരിക്കേണ്ട ഈ ലോകരാജ്യത്തിന്റെ അധികാരങ്ങളെക്കുറിച്ചാണ്.

എന്തുകൊണ്ട് നാം സർക്കാർനിയമങ്ങൾ അനുസരിക്കുകയും കീഴടങ്ങിയിരിക്കുകയും വേണം? അതിന്റെ ഒരേ ഒരു കാരണം അത് ദൈവത്താൽ നൽകപ്പെട്ട അധികാരം ആയതിനാലാണ്. രാജാക്കന്മാരെ ആക്കുന്നതും നീക്കുന്നതും ദൈവമാണ്. അതെല്ലാം ദൈവത്തിന്റെ തീരുമാനങ്ങൾ ആണ്. അന്ത്യകാലത്തു എന്ന് മാത്രമല്ല, ക്രിസ്തീയസഭയുടെ ആദ്യകാലത്തും ദൈവം അനുകൂല ഭരണകൂടങ്ങളെ നൽകും എന്ന് ഉറപ്പില്ലായിരുന്നു. അനുകൂല ഭരണകൂടങ്ങൾ സഭയ്ക്ക് ഒരു ഗുണവും ചെയ്യില്ല. കാരണം ദൈവസഭ ഈ ലോകസംബന്ധമായ ഒന്നല്ല. ഈ ലോകത്തിന്റെ ഒരു വ്യവസ്ഥയോടോ വ്യക്തിയോടോ നമുക്ക് പോരാട്ടവും ഇല്ല. ആര് ഭരിച്ചാലും ക്രിസ്തുവിന്റെ സഭയെ തകർക്കാൻ കഴിയുകയില്ല.

നമുക്ക് പ്രത്യേകിച്ച് ഒരു ജനാധിപത്യ വ്യവസ്ഥയിൽ ഇഷ്ടാനിഷ്ടങ്ങൾ വ്യക്തമാക്കാനുള്ള അവകാശം ഉണ്ട്. അതിനുള്ള സാഹചര്യവും നമുക്ക് ഉണ്ട്. എന്നാൽ ആ

ഇഷ്ടാനിഷ്ടങ്ങൾ നമ്മുടെ സ്വയത്തിൽ നിന്നും പ്രാണനിൽ നിന്നും വരുന്നതാണ്. ആത്മാവിന്റെ ഇഷ്ടം അല്ലെങ്കിൽ ദൈവം എന്ത് ആഗ്രഹിക്കുന്നു എന്നുള്ളത് പ്രാണനിൽ ഒരിക്കലും വെളിപ്പെടുന്ന കാര്യമല്ല. എല്ലാത്തിലും ദൈവത്തിന്റെ ഇഷ്ടം അവന്റെ പരമാധികാരം ആണ്. ദൈവത്തിന്റെ ആത്മാവിനാൽ അല്ല ഈ ലോകം നിയന്ത്രിക്കപ്പെടുന്നത്. ദൈവം അനുവദിക്കുന്ന വാഴ്ചകൾ, ഈ ലോകത്തിന്റെ വ്യവസ്ഥയെ ദൈവത്തിന്റെ സമയം വരെ മുൻപോട്ടു കൊണ്ട് പോകാൻ പ്രാപ്തി ഉള്ളവരെ ആണ്. സൽപ്രവൃത്തി ചെയ്യാൻ ആഗ്രഹിക്കുന്നവർ ആരെയും ഭയപ്പെടേണ്ടതില്ല.

ഇന്ന് ചില ഭരണാധികാരികൾ വന്നാൽ സഭയ്ക്ക് ഗുണം എന്നും മറ്റു ചിലർ വന്നാൽ ദോഷം എന്നും വിചാരിച്ചു രാഷ്ട്രീയത്തിൽ ഇടപെടുന്ന അനേകം വിശ്വാസികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഏറ്റവും കഠിനമായ ദോഷങ്ങളുടെയും ഉപദ്രവങ്ങളുടെയും നടുവിൽ പരീക്ഷിക്കപ്പെടുമ്പോൾ ആണ് സഭ ശുദ്ധയായി വെളിയിൽ വരുന്നത്. അതുകൊണ്ട് സഭയ്ക്ക് ഈ ലോകത്തിൽ പോരാടുവാൻ ശത്രുക്കൾ ഇല്ല. എല്ലാവരും ദൈവത്തിന്റെ കൃപ ആവശ്യമുള്ള നമുക്ക് സമസ്വഭാവമുള്ള മനുഷ്യർ ആണ്. അതുകൊണ്ട് നാം ശിക്ഷ ഭയപ്പെട്ടിട്ടല്ല, നല്ല മനസാക്ഷി ഉള്ളവർ ആയി അധികാരങ്ങൾക്കു കീഴ്പ്പെട്ടിരിക്കണം. അതുകൊണ്ട് സർക്കാരിന് കീഴടങ്ങുന്നതും ഉചിതമായ നികുതി അടയ്ക്കുന്നതും ഏതു പൗരനും ആവശ്യം ആണ്. അതിനാൽ ഒരു തരത്തിലുള്ള ഗവൺമെന്റ്വിരുദ്ധ പ്രവർത്തനങ്ങളും അനുവദിക്കാൻ ഏതു രാജ്യത്തിലായാലും ക്രിസ്ത്യാനിക്ക് കഴിയില്ല. അങ്ങനെ ചെയ്താൽ അത് ദൈവം സ്ഥാപിച്ച അധികാരങ്ങൾക്കു എതിരെ ഉള്ള വെല്ലുവിളി ആയി മാറും. ദൈവത്തെക്കാൾ കൂടുതൽ പരിജ്ഞാനം നമുക്ക് ഉണ്ടോ? ദൈവത്തെ നമുക്ക് ഉപദേശിക്കാൻ കഴിയുമോ? എല്ലാത്തിനും സ്തോത്രം ചെയ്യാൻ മാത്രമേ കഴിയുകയുള്ളു. നമുക്ക് പ്രധാനം വ്യവസ്ഥകൾ അല്ല, പിന്നെയോ ആളുകൾ ആണ്. ഓരോരുത്തരും ക്രിസ്തുവിന്റെ സുവിശേഷം കേൾക്കുകയും വിടുവിക്കപ്പെടുകയും വേണം.

**ആരോടും കടപ്പെട്ടിരിക്കരുത്:**

എല്ലാവരെയും സ്നേഹിക്കുക. എന്നാൽ ആരോടും നമുക്ക് അതിലപ്പുറമായ കടപ്പാടുകൾ ഒന്നും ഇല്ല. ചില സഭകളിൽ പലപ്പോഴും നടക്കുന്നത് ദൈവവിരുദ്ധമായ കാര്യങ്ങൾ ആണ് എന്ന് അറിയാമെങ്കിലും അവർ പലരും കടപ്പാടിന്റെ കുരുക്കിൽ ആണ്. സഭയുടെ നേതൃത്വം ഒരു പക്ഷെ നിങ്ങളെ കടപ്പാടിന്റെ കുരുക്കിൽ പെടുത്തിയേക്കാം

ഇന്ന് സാധാരണ കേൾക്കുന്ന പല അവകാശ വാദങ്ങൾ ഉണ്ട്. ഞങ്ങൾ അല്ലെ നിങ്ങൾക്കു വേണ്ടി പ്രാർഥിച്ചത്? നിങ്ങൾ സുഖം ഇല്ലാതിരുന്നപ്പോൾ വന്നു ശുശ്രൂഷിച്ചത്? ഇപ്പോൾ ഞങ്ങളെ വിട്ടു പോകുകയാണോ എന്ന് അവർ ചോദിച്ചേക്കാം. ഇങ്ങനെ ഉള്ള കടപ്പാടുകൾ കാരണം എത്ര ദുരുപദേശം ആണെന്ന് മനസ്സിലായാലും മനുഷ്യസ്നേഹം അല്ലെങ്കിൽ ബാധ്യതയുടെ, കടപ്പാടിന്റെ ബന്ധനങ്ങൾ അവരെ ചുറ്റി നിൽക്കും.

നാം ഒരാൾക്ക് ഉപകാരമോ, സഹായമോ ചെയ്യുന്നത് ദൈവം നൽകുന്ന ദാനങ്ങളിൽ നിന്നാണ്. അങ്ങനെ, എല്ലാം ചെയ്യുന്നത് ദൈവം തന്നെ ആണ്. പലരും ഈ വാക്യം കടം വാങ്ങിക്കുന്നതിനെയും കൊടുക്കുന്നതിനെയും കുറിച്ച് ആണെന്നാണ് വിചാരിക്കുന്നത്. കടപ്പെട്ടിരിക്കുന്നത് പണം ആയിരിക്കണം എന്നില്ല. പണം ആണെങ്കിൽ തിരിച്ചു കൊടുക്കാം. അത് വളരെ ചെറിയ ഒരു കാര്യം ആണ്. എന്നാൽ ചില കാര്യങ്ങൾ തിരിച്ചു കൊടുക്കാൻ പറ്റില്ല. അത് ജീവിതകാലം മുഴുവൻ ഒരു ബാധ്യത ആയിരിക്കും. അത് നമ്മെ മറ്റുള്ളവരുടെ തെറ്റുകൾക്ക് നേരെ കണ്ണടയ്ക്കാനും നാം നമ്മെത്തന്നെ അന്ധകാരത്തിൽ താഴ്ത്തുവാനും ഇടയായിത്തീരാം.

സഹോദരങ്ങളെ, നിങ്ങൾ ഒരു ദുരുപദേശം പഠിപ്പിക്കുന്ന സഭയിൽ കടപ്പാട് കാരണം പെട്ടുപോയിരിക്കുകയാണോ? നിങ്ങൾക്കു ഉള്ളിൽ തോന്നേണ്ടത് കടപ്പാടല്ല, സ്നേഹമാണ്. അങ്ങനെ എങ്കിൽ ആദ്യം നിങ്ങളെത്തന്നെ രക്ഷിക്കുക, പിന്നെ ആ കുരുക്കിൽ കിടക്കുന്നവരെയും. സത്യത്തിന്റെ പരിജ്ഞാനത്തിനു വിരുദ്ധമായാണ് മാനുഷീകമായ കടപ്പാട്ചിന്തകൾ. മാതാപിതാക്കളോടുള്ള കടപ്പാട് കാരണം സത്യത്തെ സ്വീകരിക്കാത്ത എത്രയോ പേര് നമ്മുടെ ഇടയിൽ ഉണ്ട്. ഈ കടപ്പാട്, സ്നേഹത്തിന്റെ ഒരു അനന്തരഫലമല്ല. പിന്നെയോ നമുക്ക് നമ്മോടു തന്നെയുള്ള സ്നേഹത്തിന്റെ ഒരു പ്രതിഫലനമാണ്

**സ്നേഹം, സന്മാർഗം, സമയം:**

ദൈവസ്നേഹം ഉള്ളിടത്തു നാം ഒന്നിനും കടപ്പെട്ടിരിക്കുന്നില്ല. ഈ സ്നേഹം ആണ് എല്ലാ കല്പനകളുടെയും അടിസ്ഥാനം. അന്യനെ സ്

നേഹിക്കാൻ നാം തുടങ്ങുമ്പോൾ കൽപ്പനകൾ നമ്മിൽ നിറവേറിത്തുടങ്ങും. നിങ്ങൾ ക്രിസ്തുവിന്റെ സ്നേഹത്താൽ പിടിക്കപ്പെട്ട ഒരാൾ ആണെങ്കിൽ വ്യഭിചാരം ചെയ്യുമോ? ഒരിക്കലുമില്ല. വ്യഭിചാരം രണ്ടുപേരെയും അവരുടെ കുടുംബങ്ങളെയും നശിപ്പിക്കുകയാണ്(റോമർ 13: 9). നിങ്ങൾ സ്നേഹത്തിന്റെ പ്രമാണത്തിൽ നടത്തപ്പെപ്പെടുന്ന ആൾ ആണെങ്കിൽ കൊല ചെയ്യുമോ? മോഷ്ടിക്കുകയോ മോഹിക്കുകയോ ചെയ്യുമോ? പൗലോസ് പറയുന്നു: ഒരിക്കലും അങ്ങനെ ചെയ്യുകയില്ല. കൂട്ടുകാരനെ അല്ലെങ്കിൽ അന്യനെ സ്നേഹിച്ചു തുടങ്ങുമ്പോൾ ഈ കല്പ്പനകൾ എല്ലാം പ്രവൃത്തി കൂടാതെ തന്നെ നമ്മിൽ ഉണ്ടായി വരുന്നു. ആന്തരികമായി അനുസരിക്കുന്നു.

അതുകൊണ്ട് പുതിയനിയമം നിറവേറുന്നതു സ്നേഹത്താൽ ആണ്. സ്നേഹം മറ്റു എല്ലാ കല്പ്പനകളെയും ഉൾക്കൊള്ളുന്നു. അതിനു വെളിയിൽ ഒരു കല്പ്പനയുമില്ല. ദൈവം നമ്മുടെ ഉള്ളിൽ നിറയ്ക്കുന്ന ഒരു ദിവ്യവരം ആണ് സ്നേഹം. അത് ഒരു മാനുഷീക ഗുണം അല്ല. ദൈവത്തിന്റെ സഹജസ്വഭാവം ആണ്. അത് നമുക്ക് നമ്മുടെ രക്ഷയുടെ ഫലമായി നല്കപ്പെടുകയാണ്. നാം വിചാരിച്ചാൽ നമ്മിൽ സ്നേഹം ഉണ്ടാവുമോ? നമ്മുടെ ഉള്ളിൽ നാം ഉണ്ടാക്കുന്ന ഒരു കാര്യമല്ല സ്നേഹം. അത് ഉളവായി വരുന്ന, ആത്മാവിനാൽ സൃഷ്ടിക്കപ്പെടുന്ന ഒരു സ്വഭാവം ആണ്. സ്നേഹം ഒരാളുടെ സ്വഭാവമായി മാറുക എന്നത് എത്ര മനോഹരമായ ഒരു വിശുദ്ധീകരണത്തെ ആണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് രക്ഷ പ്രവൃത്തിയാൽ അല്ല, പ്രവൃത്തി രക്ഷയുടെ അനന്തരഫലം ആണ് എന്ന് നാം വിശ്വസിക്കുന്നത്. ഈ സ്നേഹം ഉള്ളിൽ വരാതെ നാം ചെയ്യുന്ന ഏതു പ്രവൃത്തിയും പാപവും ദൈവത്തിനു അറപ്പും ആണ്.

പൗലോസ് പറയുന്നു: ഉറക്കത്തിൽ നിന്ന് ഉണരാൻ ഉള്ള സമയം ആയിരിക്കുന്നു. ഇത് പറഞ്ഞിട്ട് ഏകദേശം 2000 വർഷം ആയിരിക്കുന്നു. ഇപ്പോഴും അതങ്ങനെ തന്നെ ആണ്. എന്നാൽ അന്നത്തെക്കാളും നാം തീർച്ചയായും അടുത്ത് വന്നിട്ടുണ്ട്. സമയമാം രഥത്തിൽ എന്ന പാട്ടിൽ പറയുന്ന പോലെ, എന്റെ യാത്രയുടെ അന്ത്യം ഇന്നലെക്കാൾ അടുപ്പം. രക്ഷ നമുക്ക് വളരെ സമീപസ്ഥമായിരിക്കുന്നു. റോമർ 13:12 ൽ പറയുന്ന ഇരുട്ടിന്റെ പ്രവൃത്തികൾ എന്ന് പറഞ്ഞാൽ എന്താണ്? ലജ്ജാകരമായ പ്രവൃത്തികൾ/ക്രിസ്തുവിന്റെ വെളിച്ചത്തെ ഭയപ്പെടുന്ന പ്രവൃത്തികൾ. വെളിച്ചത്തെ ഇഷ്ടപ്പെടാത്ത ഇരുട്ടിനെ സ്നേഹിക്കുന്ന പ്രവൃത്തികൾ നാം വിട്ടു പോരേണ്ടതാണ്. വെളിച്ചം ക്രിസ്തുവാണ്. വെളിച്ചത്തിന്റെ ആയുധവർഗം ആത്മാവിന്റെ സർവ്വായുധവർഗം ആണ്. ഈ ഇരുട്ടിന്റെ ശക്തിയെ അതിജീവിക്കാൻ നമുക്കു ആത്മാവിന്റെ സർവ്വായുധ വർഗം ആവശ്യമാണ്. വെളിച്ചം ക്രിസ്തുവിന്റെ ധാർമികതയെ ആണ് സൂചിപ്പിക്കുന്നത്. ഇരുട്ട് ലോകത്തിൽ വ്യാപാരിച്ചിരിക്കുന്ന ദുർമാർഗം. സുഖഭോഗം എന്നിവയെ ആണ് കാണിക്കുന്നത്. ക്രിസ്തുവിനെ ധരിച്ചിരിക്കുന്നവർ ആണ് വിശ്വാസികൾ. മോഹങ്ങൾ നമ്മുടെ ജഡസ്വഭാവത്തിൽ നിന്ന് വരുന്നതാണ്. ദൈവത്തെ ആരാധിക്കുമ്പോൾ നാം കഴിഞ്ഞ ലക്കത്തിൽ കണ്ടതുപോലെ, അത് ബുദ്ധിയുള്ള, ശരീരങ്ങളെ യാഗമാക്കിയ ഒരു ആരാധന ആയിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു, നമ്മോടു ആവശ്യപ്പെടുന്നു.

ശരീരത്തിന്റെ യാഗം, മനസ്സിന്റെ രൂപാന്തരം, എന്നിവയാണ് ശരിയായ ഒരു ആത്മീക ആരാധനയുടെ അംശങ്ങൾ. ഇതിൽ ഉൾപ്പെടുത്താവുന്ന മൂന്നു അനന്തരഫലങ്ങൾ ആണ് നാം ഈ അധ്യായത്തിൽ കാണുന്നത്. ആരാധന ദൈവത്തിനു പ്രസാദമാകുമ്പോൾ അത് മോഹങ്ങൾ ജനിപ്പിക്കുന്ന ചിന്തകളിൽ നിന്നും നമ്മെ വിടുവിക്കുന്നതിനു കാരണമായിത്തീരും.

ക്രിസ്തുവിനെ ധരിക്കുന്നതു വിശ്വാസത്താലാണ്. വിശ്വാസത്താൽ ക്രിസ്തുവിനെ ധരിക്കുന്നവർ പാപത്തിൽ വസിക്കുന്നില്ല. മോഹത്തിനായി ചിന്തിക്കുന്നില്ല, തെറ്റായ ഉപദേശങ്ങളാൽ വശീകരിക്കപ്പെടുന്നില്ല. എന്നുമാത്രമല്ല. നിർവ്യാജമായ സ്നേഹത്താൽ അവൻ പിടിക്കപ്പെട്ടിരിക്കുന്നത് കൊണ്ട് സഹോദരന് എതിരെയോ ഗവർൺമെന്റിനു എതിരെയോ സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നില്ല. അവർ എല്ലാത്തിനും സ്തോത്രം ചെയ്യുന്നവരും ഇരുട്ടിന്റെ പ്രവൃത്തി ചെയ്യാത്തവരും ദൈവത്തിന്റെ വെളിപ്പാടിനായി കാത്തിരിക്കുന്നവരും ആണ്. ശരീരത്തിന്റെ ആഗ്രഹങ്ങളെ താലോലിക്കുന്ന മരണകരമായ ജീവിതാവസ്ഥ നമ്മെ നാശത്തിലേക്കു തള്ളിവിടും എന്ന് വചനം മുന്നറിയിപ്പ് നൽകുന്നു. അതുകൊണ്ട് നാം എല്ലാവരും ക്രിസ്തുവിനെ വിശ്വാസത്താൽ ധരിച്ചു കൊള്ളുക. ●



**ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ**

# മഹാനിയോഗം

**അ**ന്നുമിന്നും ശിഷ്യന്മാർ ക്രിസ്തുവിന്റ ജീവിതം അപ്പാടെ അവരുടെ ജീവിതത്തിൽ പകർത്തുക, തുടർന്നും ലോകമെമ്പാടുമുള്ള ക്രിസ്തുശിഷ്യരിലും ക്രിസ്തുവിനെ പകർത്തുക എന്നതായിരുന്നു ക്രിസ്തുവിന്റെ ലക്ഷ്യം. അന്ത്യകാലത്ത് അനേകർ വഞ്ചിക്കപ്പെടുമെന്ന് യേശു മുന്നറിയിപ്പ് നൽകിയിരുന്നു. ഇത് നമുക്ക് എങ്ങനെ സ്വയം പരിശോധിച്ച് ബോധ്യപ്പെടാം? ബൈബിൾപണ്ഡിതന്മാർ 'മഹാനിയോഗം' എന്ന് കർത്താവിന്റെ അവസാനത്തെ മഹത്തായ കൽപ്പനയെ വിശേഷിപ്പി ച്ചിരിക്കുന്നു. ഇതിൻപ്രകാരം നമുക്ക് നമ്മുടെ ജീവിതലക്ഷ്യം ഈ കൽപ്പനയോടു ചേർന്നാണോ പോകുന്നതു എന്ന് പരിശോധിച്ച് ബോധ്യപ്പെടാം.

**എന്താണ് മഹാനിയോഗം?:**

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പ് തന്റെ അപ്പോസ്തലന്മാർക്ക് നൽകിയ 'അന്ത്യനിയോഗ'ത്തെയാണ് മഹാനിയോഗമായി പരിഗണിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, താൻ മടങ്ങിവരുന്നതുവരെ തന്റെ സഭ ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് യേശുകർത്താവ് നിഷ്ക്കർഷയോടെ ആഗ്രഹിച്ചു കല്പിച്ചതാണ്. 'ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാ ത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാന ത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു' (മത്തായി 28:19,20).

സാരാംശത്തിൽ നാം രണ്ട് കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ യേശു ആഗ്രഹിക്കുന്നു; ഇരുട്ടിന്റെ രാജ്യത്തിലുള്ളവരെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലേക്ക് കൊണ്ടുവരിക എന്ന കാഴ്ചപ്പാടോടെ നാം 'പുറപ്പെടുവാൻ' അവിടുന്ന് ആഗ്രഹിക്കുന്നു. അപ്പോൾത്തന്നെ സഭ ക്രിസ്തുവിനോട് അനുരൂപപ്പെട്ടു തന്നെപ്പോലെ ആകണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു.'കർത്താവു കല്പിച്ചതെല്ലാം പഠിപ്പിക്കുകയും പ്രയോഗികമാക്കുകയും ചെയ്യുമ്പോഴാണ് നാം ക്രിസ്താനുരൂപരാകുന്നത്. എന്നിരുന്നാലും, ചിലർ മഹാനിയോഗം ഉപേക്ഷ യായി വിചാരിച്ച് തിരസ്ക്കരിച്ചിരിക്കുന്നു. കാരണം പല ക്രിസ്ത്യാനികളും നഷ്ടപ്പെട്ട

**ഇരുട്ടിന്റെ രാജ്യത്തിലുള്ളവരെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലേക്ക് കൊണ്ടുവരിക എന്ന കാഴ്ചപ്പാടോടെ നാം 'പുറപ്പെടുവാൻ' അവിടുന്ന് ആഗ്രഹിക്കുന്നു. അപ്പോൾത്തന്നെ സഭ ക്രിസ്തുവിനോട് അനുരൂപപ്പെട്ടു തന്നെപ്പോലെ ആകണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു:**

വരെക്കുറിച്ച് ഉത്കണ്ഠാകുലരാകുകയോ ക്രിസ്തുസാദൃശ്യത്തിലേക്ക് എത്തിച്ചേരുകയോ ചെയ്യുന്നില്ല.

ക്രിസ്തുവിനെപ്പോലെ ആകുവാനുള്ള യാത്രയുടെ ആദ്യപടിയാണ് രക്ഷ. തന്റെ ജനം 'എല്ലാ തലങ്ങളിലും ക്രിസ്തുവിനോട് അനുരൂപരായി ക്രിസ്തുവെന്ന തലയോളം വളരുക എന്നതാണ് ക്രിസ്തുദർശനം' (എഫെസ്യർ 4:15). യേശു പഠിപ്പിച്ചതെല്ലാം അനുസരിക്കുന്നവർ, ആത്യന്തികമായി പരിശുദ്ധാത്മാവിലൂടെ ക്രിസ്തുവിന്റെ അതേജീവിതം അനുഭവമാക്കുന്നു. തിരുവെഴുത്തിന്റെ എല്ലാ പഠിപ്പിക്കലും നമ്മെ യേശുവിന്റെ ഹൃദയത്തോട് അനുരൂപരാക്കുന്നു. ഈ പ്രക്രിയയിൽ നാം വീണ്ടെടുപ്പിന്റെ അനുഭവം ഉള്ളവരാകുന്നു. മാത്രമല്ല ക്രിസ്തുവിനെപ്പോലെ സകല ജാതികളെയും മാനസാന്തരത്തിലേക്കു നയിക്കുമ്പോൾത്തന്നെ നമ്മുടെ ജീവിതം കുറ്റമറ്റതാകുവാൻ നമ്മെ കർത്തൃകരങ്ങളിൽ സമർപ്പിച്ചു ആത്മികവളർച്ച പ്രാപിക്കുകയും ചെയ്യേണ്ടതാണ്. അതിനാൽ, മഹാനിയോഗം സുവിശേഷവത്ക്കരണത്തിലും നമ്മുടെ രൂപാന്തരത്തിലും മഹത്വത്തോടെ ആരംഭിക്കുന്നു. അതിനാൽ ക്രിസ്തുവിന്റെ തന്നെ വാക്കുകളിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തുസാദൃശ്യത്തിലേക്ക് നാം പടിപടിയായി വളരുകയും ചെയ്യുന്നു.

**ക്രിസ്തുവിനെ അയച്ചതുപോലെ:**

ക്രിസ്തു നമ്മെ വിളിക്കുന്നത് തന്റെ അനുയായികളാകാനാണ്. അവിടുന്ന് പറഞ്ഞു: 'പിതാവ് എന്നെ അയച്ചതുപോലെ, ഞാനും നിങ്ങളെ അയയ്ക്കുന്നു' (യോഹന്നാൻ 20:21). മാനവകുലത്തിന്റെ വീണ്ടെടുപ്പിനായി യേശുവിനെ ലോകത്തിലേക്ക് അയച്ചതു പോലെ, താനും തന്റെ ശിഷ്യന്മാരെ അയയ്ക്കുന്നു. തീർച്ചയായും, ശിഷ്യത്വത്തിന്റെ ലക്ഷ്യം നാം 'പൂർണ്ണമായി ദൈവത്താൽ പരിശീലിപ്പിക്കപ്പെട്ടവരായി മാറുക' എന്നതാണ്, അങ്ങനെ നാം കൃത്യമായി 'നമ്മുടെ ഗുരുവായ യേശുക്രിസ്തുവിനെപ്പോലെ യേശുവിനു പകരം ശുശ്രൂഷിക്കുന്നു'(ലൂക്കോസ് 6:40). നോക്കൂ, അനേകർ യേശുവിൽ വിശ്വസിക്കുന്നു; എന്നാൽ ക്രിസ്തുവിനെപ്പോലെ യഥാർത്ഥത്തിൽ ആത്മീയമായി തികഞ്ഞ വളർച്ച പ്രാപിക്കുന്നവർ ചുരുക്കമാണ്. വിശ്വസിക്കുന്നവർക്ക് എല്ലാം സാധ്യമാണെന്ന് തിരുവെഴുത്തു പറയുന്നു (മത്തായി 17:20). പാപത്തിന്റെ ഇരുട്ടിൽ കഴിയുന്നവർക്ക് മോചനം സംഭവിക്കുമെന്ന് അവർക്ക് ഉറപ്പുണ്ട്. അതിനാൽ, മഹാനിയോഗത്തിന്റെ ലക്ഷ്യം എല്ലാ രാജ്യങ്ങളിലും ഇത്തര ത്തിലുള്ള ശിഷ്യന്മാർ ഉണ്ടായിരിക്കുക എന്നതാണ്. കാരണം അവരുടെ ആത്മാവിൽ അവർ ചിന്തിക്കുന്നത് ഏതു സംസ്ക്കാരത്തിൽ ജീവിക്കുന്നവരുടെയും വീണ്ടെടുപ്പ് സാധ്യമാക്കുക എന്നതാണ് .

അതെ, ക്രിസ്തുമാർഗ്ഗത്തിൽ പലർക്കും പല ലക്ഷ്യങ്ങൾ ഉണ്ടായിരിക്കാം. കൂട്ടായ്മയുടെയും, രോഗശാന്തിയുടെയും, ജീവിതത്തിൽ പല തലങ്ങളിലും പുതിയ ആരംഭം കുറിക്കുന്നതിന്റെയും, കാര്യസാധ്യങ്ങളുടെയും എന്നിങ്ങനെ ഇത് നീണ്ടുപോകുന്നു. എന്നാൽ ക്രിസ്തുമാർഗ്ഗത്തിന്റെ കാതലും ആത്യന്തിക ലക്ഷ്യവും, രക്ഷിക്കപ്പെട്ടവർ ക്രിസ്തുസമാനതയിലേക്ക് രൂപാന്തരം ചെയ്യുവാനുള്ള ഒരു പരിശീലനക്കളരി ആയിരിക്കണം എന്നതാണ്. അതിനായി അവരെ സത്യവചനം പഠിപ്പിച്ച് ക്രിസ്തുവിനെ അവരിലേക്കു പകർത്തുന്ന തുടർപ്രക്രിയയാണ് ശിഷ്യത്വത്തിന്റെ ലക്ഷ്യം.

കർത്താവ് ഈ ലേഖകനെ ദൈവസന്നിധിയിലിരുത്തി ശിഷ്യത്വത്തിലേക്കു നയിച്ചു. അതിനായി സുവിശേഷങ്ങൾ വായിക്കുകയും പഠിക്കുകയുംചെയ്യുക മാത്രമാണ് ആ സമയത്തു ചെയ്തത്. ക്രിസ്തുകേന്ദ്രീകൃതമായ ശുദ്ധീകരണമാണ് കർത്താവ് ചെയ്യുന്ന എല്ലാറ്റിന്റെയും അസ്ഥിവാരമായി മാറിയത്. വാക്കിലും പ്രവൃത്തിയിലും യേശുക്രിസ്തുവിന്റെ ഒരു യഥാർത്ഥ ശിഷ്യനായി ഒരു പ്രൊഫഷണൽ ശുശ്രൂഷകൻ എന്ന നിലയിൽ നിന്ന് ദൈവം ശിഷ്യത്വത്തിനായി സമർപ്പിക്കുന്നവരെ മാറ്റിയെടുക്കുന്നു.

നിർഭാഗ്യവശാൽ ക്രിസ്തുവിന്റെ വചനങ്ങളിലുള്ള ഈ പരിശീലനം നമ്മുടെ പല സഭകളിലും സെമിനാരികളിലും ഇന്ന് അന്യമായിരിക്കുന്നു. ക്രിസ്തുവിന്റെ പ്രതിച്ഛായയോട് അനുരൂപപ്പെടുന്നതിനു പകരം അവർ ഉൾപ്പെട്ടു നിൽക്കുന്ന സഭാവിഭാഗങ്ങളുടെ വക്താക്കളാക്കി മാറ്റുന്നു. തത്ഫലമായി ക്രിസ്തുവിന്റെ ശരീരമായിരിക്കേണ്ടുന്ന സഭ സംഘടനകളായി വിഭജിക്കപ്പെട്ടു, വിവിധ നാമങ്ങളിൽ അറിയപ്പെടുകയും സംഘടനാസ്പിരിറ്റിന് അടിമപ്പെടുകയും ചെയ്തിരിക്കുന്നു. സഭാവിഭാഗ വ്യത്യാസമെന്യേ എല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിലെ

ശേഷം പേജ് 27 ▶



അനു ഗ്രേസ് ചാക്കോ



# തുമ്പിയെക്കൊണ്ട് കല്ലെടുപ്പിച്ചാൽ...?

**കേ**രളത്തിലെ കുട്ടികൾക്ക് സാധാരണഗതിയിൽ അവധിക്കാലം ഏപ്രിൽ, മെയ് മാസങ്ങളാണ്. വേനലവധിക്കാലം അവർക്ക് ഉത്സവനിമിഷങ്ങളാണ്. പഠനകാലയളവിൽ അനുഭവിച്ചിരുന്ന എല്ലാ ടെൻഷനുകളോടും വിടപറഞ്ഞ് കുട്ടികൾ കളിയും ചിരിയും തമാശയും യാത്രകളും ഒക്കെയായി കൂട്ടുകാരോടൊപ്പം സമയം ചെലവിടുന്നു. എന്നാൽ കൗമാരക്കാരായ മുതിർന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഇത് ആശങ്കയുടെ നിമിഷങ്ങളാണ്. 10, 12 ക്ലാസുകളിലെ പരീക്ഷ കഴിയുന്നതു മുതൽ റിസൾട്ടറിഞ്ഞു ഉപരിപഠനത്തിനു അഡ്മിഷൻ ലഭിക്കുന്നത് വരെ അവർ ആശങ്കകളുടെ നടുവിലാണ്. ജയിച്ചു കഴിഞ്ഞാൽ ഏതു കോഴ്സ് തിരഞ്ഞെടുക്കണം, ഏതു കോളേജിൽ ചേരണം, എവിടെപ്പോയി പഠിക്കണം തുടങ്ങി അനേകം ആശങ്കകൾ! പഠനം കേരളത്തിലോ, മറ്റു സംസ്ഥാനങ്ങളിലോ, അതോ ഏതെങ്കിലും വിദേശ രാജ്യങ്ങളിലോ തുടങ്ങി ഉപരിപഠന വിഷയങ്ങളെ സംബന്ധിച്ച് കുട്ടികളും മാതാപിതാക്കളും ഒരുപോലെ ടെൻഷൻ അനുഭവിക്കാറുണ്ട്. അറിവ് ആർജിക്കുന്നതോടൊപ്പം കുട്ടികളുടെ സ്വഭാവരൂപീകരണം കൂടിയാണ് വിദ്യാഭ്യാസത്തിന്റെ മഹത്തരമായ ലക്ഷ്യം എന്ന ചിന്തയ്ക്ക് പകരം, സമൂഹത്തിൽ ഉന്നതസ്ഥാനവും പണവും നേട്ടങ്ങളും ഉണ്ടാക്കുവാനുള്ള മത്സരത്തിന്റെ ഭാഗമായി മാതാപിതാക്കൾ തരംതാണു പോയതാണ് ഈ മൂല്യച്യുതിയുടെ കാരണം. മക്കളെ ഉപയോഗിച്ച് പണമുണ്ടാക്കി മാന്യത ഉറപ്പിക്കാനുള്ള ആരോഗ്യകരമല്ലാത്ത ഈ മത്സരത്തിനിടയിൽ പലപ്പോഴും കുട്ടികൾ ബലിയാടുകളാവുകയാണ്.

2022 അവധിക്കാലത്താണ് 15 കാരിയായ ജിൻസി (പേര് യാഥാർത്ഥമല്ല) കൗൺസലിങ്ങിന് എത്തിയത്. +2 വിദ്യാർഥിനി ആയിരുന്ന അവളുടെ മുഖത്ത് കടുത്ത നിരാശയും ആശങ്കയും നിഴലിട്ടിരുന്നു. ജിൻസിയുടെ പിതാവ് ഒരു യൂണിവേഴ്സിറ്റി റാങ്ക്ഹോൾഡർ ആയിരുന്നു. പ്ലസ് ടു പരീക്ഷയിൽ ഫുൾ എ പ്ലസ് വാങ്ങിച്ച് ഏറ്റവും ഉയർന്ന മാർക്ക് കരസ്ഥമാക്കുവാനുള്ള വലിയ സമ്മർദ്ദം അവളുടെ വീട്ടുകാരുടെ ഭാഗത്തുനിന്ന് അവൾക്ക് ഉണ്ടായിരുന്നു. മാത്രമല്ല Humanities +2 വിന് തെരഞ്ഞെടുത്ത് പഠിക്കണം എന്നാഗ്രഹിച്ച അവൾക്ക് മാതാപിതാക്കളുടെ നിർബന്ധം നിമിത്തം ഇഷ്ടമില്ലാത്ത സയൻസ് സബ്ജക്ട് എടുത്ത് പഠിക്കേണ്ടിയും വന്നു. കാരണം ജിൻസിയുടെ മാതാപിതാക്കൾക്ക് മകളെ മിടുമിടുക്കി ആയ ഒരു ഡോക്ടർ ആക്കുക എന്നതായിരുന്നു ലക്ഷ്യം. അതിനുവേണ്ടി പ്ലസ് ടു ക്ലാസിനിടയിലും അവൾക്ക് ആവശ്യമായ ട്യൂഷനും നീറ്റ് പരീക്ഷാപരിശീലനവും നൽകാൻ അവർ മറന്നില്ല.

ഒരു ഫാഷൻ ഡിസൈനർ ആകുവാൻ ആഗ്രഹിച്ച ജിൻസിക്ക് ഇടവേളകളില്ലാത്ത തുടർച്ചയായ ക്ലാസുകളും, മാതാപിതാക്കളുടെ അമിതപ്രതീക്ഷകളും നിയന്ത്രണങ്ങളും താങ്ങുവാൻ കഴിഞ്ഞില്ല. മാർക്ക് കുറഞ്ഞാൽ അപ്പന്റെയും അമ്മയുടെയും മുഖത്ത് എങ്ങനെ നോക്കും? ഒരു ആവറേജ് സ്റ്റുഡന്റ് മാത്രമായ തനിക്ക് എങ്ങനെ

ഒരു ഡോക്ടർ ആകുവാൻ കഴിയും എന്ന ആധി അവളുടെ മാനസിക ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചു. ഈ ചിന്തകൾ അവളുടെ മനസ്സിന്റെ താളം തെറ്റിച്ചു. പഠനത്തിലുള്ള ശ്രദ്ധയും ഏകാഗ്രതയും നിലനിർത്തിക്കൊണ്ടു പോകുവാൻ അവൾക്ക് കഴിഞ്ഞില്ല. ക്രമേണ വിഷാദത്തിലേക്ക് അവൾ വഴുതിവീണു. മാതാപിതാക്കളുടെ അമിതപ്രതീക്ഷകളും സമ്മർദ്ദങ്ങളും നിമിത്തം വിഷാദാവസ്ഥയിലേക്ക് വഴുതിവീണ സാഹചര്യത്തിലാണ് അവൾ കൗൺസലിങ്ങിനായി വരുന്നത്. ഇത് ജിൻസിയുടെ മാത്രം അനുഭവമല്ല. കൗമാരക്കാരായ നമ്മുടെ നാട്ടിലെ പല കുട്ടികൾക്കും പങ്കുവയ്ക്കുവാൻ ഇതിനു സമാനമായ ധാരാളം സംഭവങ്ങളുണ്ടാവും.

കുട്ടികൾ അവരുടെ ബാല്യകാലത്ത് തങ്ങൾ വലുതാകുമ്പോൾ ഡോക്ടർ, പൈലറ്റ്, ക്യാപ്റ്റൻ, ശാസ്ത്രജ്ഞൻ, പോലീസ്, ടീച്ചർ, ഒക്കെ ആകണമെന്ന് ആഗ്രഹം പറഞ്ഞിരുന്നവരാണ്. യഥാർത്ഥത്തിൽ ആരായിത്തീരണം എന്ന് തീരുമാനിക്കുന്നത് അവരുടെ കൗമാരഘട്ടത്തിലാണ്. പ്രശസ്ത ഡെവലപ്മെന്റൽ സൈക്കോളജിസ്റ്റ് എറിക്എറിക്സൺ ഈ സ്റ്റേജിനെ (Identity Vs Role Confusion) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ആരായിത്തീരണം, എവിടെ പഠിക്കണം, എന്ത് പഠിക്കണം എന്നുള്ള കാര്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് ഈ സമയത്ത് അവ്യക്തത ഉണ്ടാകുന്നത് സ്വാഭാവികമാണ്. കുടുംബം, സുഹൃത്തുക്കൾ, സാമൂഹ്യമാധ്യമങ്ങൾ ഇവയെല്ലാം കുട്ടികളുടെ തീരുമാനത്തെ സ്വാധീനിക്കുന്നുമുണ്ട്. ഈ സമയത്ത് കുട്ടികളെ എങ്ങനെ സഹായിക്കാം എന്നുള്ളതിൽ മാതാപിതാക്കൾക്കും സംശയം ഉണ്ടാവാം.

ഇത്തരം സന്ദർഭങ്ങളിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. കൗമാരക്കാരായ കുട്ടികൾ പത്താം ക്ലാസ് അല്ലെങ്കിൽ പ്ലസ് ടു കഴിഞ്ഞാൽ എന്തുചെയ്യണം എന്നതിനെക്കുറിച്ച് ധാരാളം ആശങ്കകൾ ഉള്ളതു കൊണ്ടുതന്നെ ഒരു നല്ല തീരുമാനത്തിലെത്തുവാൻ കുടുംബത്തിന്റെ അകമഴിഞ്ഞ പിന്തുണ വളരെ അത്യാവശ്യമാണ്. തന്റെ ജീവിതത്തിൽ നടക്കാതെ പോയ ആഗ്രഹങ്ങൾ മക്കളിലൂടെ നേടിയെടുക്കുവാൻ ശ്രമിക്കുന്ന ധാരാളം മാതാപിതാക്കളെ നമുക്ക് കാണാം. എനിക്കോ, ഡോക്ടറോ എൻജിനീയറോ ആകുവാൻ സാധിച്ചില്ല, അതുകൊണ്ട് എന്റെ മകൻ/ മകൾ ഒരു ഡോക്ടർ/ എൻജിനീയർ ആകണം എന്ന് ശഠിക്കുന്നവരാണ് ഇക്കൂട്ടർ. ചില മാതാപിതാക്കളാകട്ടെ അയൽപക്കത്തുള്ള കുട്ടികൾ അല്ലെങ്കിൽ ബന്ധുക്കളുടെ മക്കൾ തെരഞ്ഞെടുക്കുന്ന കോഴ്സുകൾ തന്നെ എന്റെ മക്കളും തെരഞ്ഞെടുക്കണമെന്നു വാശിപിടിക്കുന്നവരാണ്. മാതാപിതാക്കളുടെ അനാവശ്യമായ ഈ പിടിവാശി മക്കളുടെ ഭാവി നശിപ്പിക്കും എന്നതിൽ തർക്കമില്ല.

രക്തം കണ്ടാൽ തലകറങ്ങി വീഴുന്ന കുട്ടിയെ നേഴ്സും ഡോക്ടറും ആക്കണമെന്ന് വാശി പിടിക്കുന്നതിൽ എന്തർത്ഥമാണുള്ളത്? മിക്കവർക്കും അവരുടെ തൊഴിലിൽ ശോഭിക്കുവാൻ കഴിയാത്തതിന്റെ കാരണം മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങി ഇഷ്ടമില്ലാത്ത കരിയർ തെരഞ്ഞെടുത്തത് കൊണ്ടാണ്. മക്കളുടെ കഴിവും അഭിരുചിയും മനസ്സിലാക്കി അവർക്ക് ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുക. അതിനുള്ള സ്വാതന്ത്ര്യം മക്കൾക്ക് കൊടുക്കുക. തുമ്പിയെക്കൊണ്ട് കല്ല് എടുപ്പിക്കുവാൻ ശ്രമിക്കുന്നതുപോലെയാണ് കുട്ടികളുടെ കഴിവിനും പ്രാപ്തിക്കും മീതെയുള്ള മാതാപിതാക്കളുടെ അമിതപ്രതീക്ഷകളും ആഗ്രഹങ്ങളും അവരിലേക്ക് അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത്. എന്റെ കൂട്ടുകാരെല്ലാം ബികോമിന്പോയി അല്ലെങ്കിൽ നേഴ്സിങ്ങിന് പോയി, അതുകൊണ്ട് ഞാനും ആ കോഴ്സ് എടുത്തേക്കാം എന്നു കുട്ടികൾ തീരുമാനിക്കുന്നതും മണ്ടത്തരം തന്നെ.

സ്വന്തകഴിവും കഴിവില്ലായ്മയും അഭിരുചികളും തിരിച്ചറിഞ്ഞു കോഴ്സുകൾ തിരഞ്ഞെടുക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുക. ആവശ്യമെങ്കിൽ ഒരു കരിയർ കൗൺസലറുടെ സഹായം തേടുക. Aptitude Test പോലുള്ള ടെസ്റ്റുകൾ ചെയ്യിക്കുന്നതും കുട്ടികൾക്ക് ശരിയായ കരിയർ തിരഞ്ഞെടുക്കുന്നതിന് സഹായകമാകും.

കഴിഞ്ഞതലമുറയിൽദുർലഭമായിരുന്നുവെങ്കിലും ഇന്ന് കരിയർ ഗൈഡൻസ് എവിടെയും സുലഭമാണ്. എല്ലാറ്റിനും ഉപരി സ്രഷ്ടവായ ദൈവത്തോട് ആലോചന ചോദിക്കുക. പോകേണ്ട വഴി കാണിച്ചു തരികയും ദൃഷ്ടിവെച്ച് ആലോചന പറഞ്ഞു തരികയും ചെയ്യുന്ന ദൈവ മുമ്പാകെ ഹൃദയം പകരുക. ദൈവഹിത പ്രകാരം നടത്തുവാൻദൈവകരങ്ങളിൽ സമർപ്പിക്കുക.ഇങ്ങനെ ചെയ്താൽ എല്ലാം നന്മക്കായി ഭവിക്കും എന്നതിന് സംശയമില്ല.



ഷാജി ഉമ്മൻ

# യേശു എന്നിൽ ജീവിക്കുന്നു എങ്കിൽ...

ഒരിക്കൽ സമ്പന്നനായ വ്യവസായിക്ക് പെട്ടെന്ന് ഒരു വലിയ നഷ്ടം നേരിട്ടു. കോടിക്കണക്കിന് രൂപയുടെ കടക്കാരനായി അയാൾ മാറി. അദ്ദേഹത്തിന്റെ പുത്രൻ നാലു വയസുകാരന് ഇതൊരു വിഷയമേയല്ല. അവന് ഇപ്പോഴും വേണ്ടത് കുറച്ച് കളിക്കോപ്പുകൾ മാത്രം. എന്നാൽ ഇദ്ദേഹത്തിന്റെ മൂത്തപുത്രൻ 20 വയസ്സുകാരന് പിതാവിന്റെ ആ നഷ്ടം ആഴമായി അനുഭവപ്പെട്ടു. പിതാവ് പറയാതെ തന്നെ അത് മനസ്സിലാക്കി. അത് അവന്റെയും കൂടെ ഒരു ഭാരമായി കരുതി അത് പരിഹരിക്കാൻ വേണ്ടതായ പ്രവർത്തികൾ പിതാവിനോടൊപ്പം ചെയ്തുതുടങ്ങി. മൂത്തമകന്റെ ആ പക്വതയാർന്ന പ്രവർത്തികൾ പിതാവിന് എത്രയധികം ആശ്വാസവും ആനന്ദവും ഉളവാക്കിയിരിക്കാം.

നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതില്ക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു; നീയോ അതിനെ കീഴടക്കേണം എന്നു കല്പിച്ചു. (ഉല്പ്പത്തി 4:7). ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചത് കണ്ട് കോപിച്ച കയീനോടാണ് ദൈവം ഇത് കല്പ്പിച്ചത്. എന്നാൽ തുടർന്ന് നാം കാണുന്നത് സ്വന്തം സഹോദരനായ ഹാബേലിനെ കൊല്ലുന്ന കയീനെയാണ്. നീയോ പാപത്തെ കീഴടക്കണം എന്ന ദൈവകല്പ്പന അവൻ ലംഘിച്ചു. ദൈവത്തെ പ്രസാദിപ്പിക്കാൻ മനുഷ്യന് കഴിയില്ലെന്നതാണ് സത്യം.

എന്നാൽ പുതിയനിയമത്തിൽ പറയുന്നത്: നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ എന്നാണ് (റോമർ 6: 14). ന്യായപ്രമാണത്തിൽ ഇത് കല്പ്പനയായി പറയുമ്പോൾ, ഇവിടെ കൃപയാൽ വഗ്ദത്തമായിട്ടാണ് നാം കാണുന്നത്. കല്പ്പനയാകുമ്പോൾ അത് അനുസരിക്കുക എന്നത് നമ്മുടെ മാത്രം ഉത്തരവാദിത്വമായി വരുന്നു. എന്നാൽ വാഗ്ദത്തമാകുമ്പോൾ, അവിടെ ദൈവം നമ്മെ സഹായിക്കുക കൂടി ചെയ്യും.

ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ മനുഷ്യർ പരാജയപ്പെടുമ്പോൾ നമുക്ക് പകരക്കാരനായി വന്ന യേശുകർത്താവ് മുപ്പതാം വയസ്സിൽ യോഹന്നാന്റെ അടുക്കലേക്ക് സ്നാനത്തിനായി വരികയാണ്. പാപികളായ മനുഷ്യർ മാനസാന്തര സ്നാനത്തിനായി നിൽക്കുമ്പോൾ അവരിൽ ഒരുവനെപ്പോലെ നിൽക്കുന്നതിൽ യേശു ലജ്ജിച്ചില്ല. പിതാവിന്റെ ഹിതം മാത്രമാണ് യേശു നോക്കുന്നത്. 'ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന് പിതാവ് പറയുമ്പോൾ; യേശു അന്നുവരെ ശുശ്രൂഷ തുടങ്ങിയിട്ടില്ല, രോഗസൗഖ്യം നൽകിയിട്ടില്ല, ഭൂതത്തെ പുറത്താക്കിയിട്ടില്ല. ദൈവം പ്രസാദിക്കുവാൻ ഈ വക കാര്യങ്ങളൊന്നും അല്ല ആവശ്യമെന്ന് നമുക്ക് മനസ്സിലാക്കാം. 30 വർഷത്തെ കർത്താവിന്റെ ജീവിതം ബൈബിളിൽ വിശദീകരിച്ചിട്ടില്ല. എന്നാൽ യെരുശലേം ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കയും അവരോടു ചോദിക്കയും

ചെയ്യുന്ന 12 വയസ്സുള്ള ബാലനായിരുന്ന യേശുവിനെ നമുക്ക് കാണാം. തോൽച്ചുരുളുകളിൽ രേഖപ്പെടുത്തിരിക്കുന്ന ദൈവവചനം, സിനഗോഗ് അഥവാ പള്ളികളിലും, ശാസ്ത്രിമാരുടെയും അപൂർവ്വം ചിലരുടെ കൈവശവും മാത്രമെ അന്ന് ഉണ്ടായിരുന്നുള്ളു. പിതാവാം ദൈവത്തിന്റെ സന്ദേശം ആകുന്ന വചനം വായിക്കുവാനും ഹൃദ്യമാക്കുവാനും ഉള്ള തീഷ്ണമായ ആഗ്രഹമായിരുന്നു ബാലനായിരുന്നപ്പോൾത്തന്നെയേശുവിനുണ്ടായിരുന്നത്. അതുകൊണ്ടാണ് ഈ സാഹചര്യത്തിലും ദൈവവചനം യേശു ഹൃദിസ്ഥമാക്കിയത്. മാതാപിതാക്കൾക്ക് കീഴടങ്ങിയിരിക്കുവാനും മൂത്തമകൻ എന്ന നിലയ്ക്ക് യേശു കുടുംബത്തിന്റെ ഭാരിച്ച ചുമതലകൾനോക്കി നടത്തുവാനും അവരുടെ ഉപജീവനമാർഗ്ഗമായി ചെയ്തുപോന്നിരുന്ന തൊഴിൽ കൃതൃനിഷ്ഠയോടും വിശ്വസ്തതയോടും കൂടെ ചെയ്യുവാൻ കഴിഞ്ഞതും ദൈവത്തെ പ്രസാദിപ്പിക്കുന്ന തരത്തിലായിരുന്നു. ഇതിന്റെ അംഗീകാരം എന്നവണ്ണം ആണ് 'ഇവനെന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'എന്ന് പിതാവാം ദൈവം പ്രഖ്യാപിച്ചത്.

പരിശുദ്ധാത്മാവ് നിറഞ്ഞവനായി മരുഭൂമിയിൽ പോയപ്പോൾ യേശുവിനെ പരീക്ഷിക്കാനായി പിശാച് അടുത്തുവന്നു. കല്ല് അപ്പം ആക്കുവാൻ പറഞ്ഞപ്പോൾ, 5 അപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച യേശുവിന് അതിനുള്ള ശക്തി ഉണ്ടായിരുന്നു. 40 ദിവസം ഭക്ഷണം കഴിക്കാതിരുന്നതിനാൽ യേശു കല്ലിനെ അപ്പമാക്കിയാലും അതൊരു തെറ്റായി നമുക്ക് തോന്നുകയുമില്ല. ഈ കല്ലിനെ സൃഷ്ടിച്ചതും അവിടുന്ന് തന്നെയാണ്. എങ്കിലും പിതാവിന്റെ ഹിതം മാത്രം ചെയ്യുന്ന കർത്താവ് ആ ശക്തി ഇതിനുവേണ്ടി ഉപയോഗിച്ചില്ല. യേശുവിന്റെ വ്യക്തിപരമായ യാതൊരു ആവശ്യങ്ങൾക്കും തന്റെദൈവീക അധികാരം ഉപയോഗിച്ചിട്ടില്ല എന്നത് ഏറെ ശ്രദ്ധേയമാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ പലപ്പോഴും ഇതുപോലെ കല്ലുകൾ അപ്പമാക്കേണ്ട പരീക്ഷകളോ സാഹചര്യങ്ങളോ വന്നേക്കാം. അപ്പോൾ നാം എങ്ങനെയാണു അതിനോട് പ്രതികരിക്കുന്നത്? ഈ വിഷയത്തിലുള്ള ദൈവഹിതം എന്തെന്ന് നാം ദൈവത്തോട്ചോദിക്കാറുണ്ടോ? നമ്മുടെ പണമോ, കഴിവോ പ്രാപ്തിയോ, ബുദ്ധിയോ എന്തായിരുന്നാലും അതെല്ലാം ദൈവം നമുക്ക് നൽകിയ ദാനം മാത്രമാണെന്നും, നാം അതിന്റെയൊക്കെ വെറും സൂക്ഷിപ്പുകാർ മാത്രമാണെന്നും ബോധ്യമുള്ളവരായിരിക്കണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ പണം എങ്ങനെയാണ് ഉപയോഗിക്കുന്നത്? അല്ലെങ്കിൽ പ്രാർത്ഥന എപ്രകാരം ആയിരിക്കും? സ്വർഗ്ഗത്തിലെ പിതാവിനെ പ്രസാദിപ്പിക്കുന്ന രീതിയിലാണോ നമുക്ക് നൽകപ്പെട്ടിരിക്കുന്ന കഴിവുകൾ, സമ്പത്ത്, ആരോഗ്യം എന്നിവ ഉപയോഗിക്കുന്നത്? ദൈവത്തിനു പ്രസാദമാകുമാറ്ദൈവത്തോട് ആലോചന ചോദിച്ചു അതിൻപ്രകാരം നമ്മുടെ ആവശ്യങ്ങളോട് പ്രതികരിക്കുന്ന മനോഭാവമാണ് ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

ഞങ്ങൾ ദൈവത്തിനു കൊള്ളാകുന്നവരായി തെളിഞ്ഞതുപോലെ ഞങ്ങൾ മനുഷ്യരെയല്ല ഞങ്ങളുടെ ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെ അത്രേ പ്രസാദിപ്പിച്ചുകൊണ്ടു സംസാരിക്കുന്നത്. നിങ്ങൾ അറിയുംപോലെ ഞങ്ങൾ ഒരിക്കലും മുഖസ്തുതിയോ ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ പ്രയോഗിച്ചിട്ടില്ല; ദൈവം സാക്ഷി. ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ എന്ന അവസ്ഥയ്ക്കു ഘനത്തോടെയിരിപ്പാൻ കഴിവുണ്ടായിട്ടും ഞങ്ങൾ മനുഷ്യരോട്, നിങ്ങളോടാകട്ടെ മറ്റുള്ളവരോടാകട്ടെ മാനം അന്വേഷിച്ചില്ല(1 തെസ്സലോനിക്യർ 2:46). നാം സ്വർഗ്ഗത്തിൽ ചെന്ന് കഴിഞ്ഞാൽ നമ്മുടെ ആത്യന്തിക ലക്ഷ്യം എന്തായിരിക്കും? ദൈവത്തെ പ്രസാദിപ്പിക്കുക എന്നത് മാത്രമായിരിക്കും. അങ്ങനെയെങ്കിൽ ആ ലക്ഷ്യം തന്നെയല്ലേ ഒരു ദൈവപൈതലിന്റെ ഈ ഭൂമിയിലെ വാസത്തിലും കാണേണ്ടത്? കാരണം യേശുവിന്റെ എല്ലാ പ്രവർത്തികളും പിതാവിന് പ്രസാദം ഉണ്ടാക്കുന്നതായിരുന്നു. യേശുവിനു ലഭിച്ച പരിശുദ്ധാത്മാവിനെ തന്നെയല്ലേ നമ്മുടെയും കാര്യസ്ഥനായി തന്നിരിക്കുന്നത്. അങ്ങനെയെങ്കിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ഓരോ വ്യക്തിയുടേയും ആത്യന്തികലക്ഷ്യം ദൈവത്തെ പ്രസാദിപ്പിക്കുകയായിരിക്കും. നാം ഭൂമിയിൽ ആയിരിക്കുമ്പോൾ ജഡത്തിന് മുൻഗണന കൊടുത്താൽ നമ്മെത്തന്നെ പ്രസാദിപ്പിക്കാനോ അല്ലെങ്കിൽ മറ്റു മനുഷ്യരെ പ്രസാദിപ്പിക്കാനോ ആയിരിക്കും കൂടുതൽ ശ്രമിക്കുന്നത്. മറിച്ച് ആത്മാവിന് മുൻഗണന കൊടുക്കുന്ന ഒരാൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കും. അത് ക്രമേണ അവന്റെ സ്വഭാവമായി മാറും. ഒരു നന്മ ചെയ്താൽ അത് അവന്റെ ഓർമ്മയിൽ നിൽക്കുകയില്ല. അതുകൊണ്ടുതന്നെ

അത് സ്വയനീതിയായി മാറുകയില്ല. ഞാനല്ല യേശുവാണ് എന്നിൽ ജീവിക്കുന്നത് എന്ന ബോധ്യം അവനെ ഭരിക്കും, രാജാവ് വലത്തു ള്ളരോട് ചോദിക്കുമ്പോൾ അവർക്ക്, അവർ ചെയ്ത നന്മകളൊന്നും ഓർമ്മയില്ലായിരുന്നു. ഈ ഭൂമിയിൽ എളിയവർക്കു നാം ചെയ്യുന്നത് ഗുണ മായാലും ദോഷമായാലും അത് കർത്താവിനു ചെയ്യുന്നതായിട്ടു കർത്താവു കരുതുന്നു (മത്തായി 25:31 - 46).

ഒരു അപ്പനും മകനും ഒന്നിച്ചു നടക്കുന്നത് ഒ ന്ന് ഭാവനയിൽ കാണുക. അവർ നടക്കുമ്പോൾ, അപ്പൻ മറ്റുള്ളവരോട് എങ്ങനെ സംസാരിക്കുന്നു, എങ്ങനെ പ്രതികരിക്കുന്നു, എങ്ങനെ ഇടപെടു ന്നു, എന്നിങ്ങനെയുള്ള സകല കാര്യങ്ങളും ആ കൊച്ചുമകൻ സസൂക്ഷ്മം നിരീക്ഷിച്ചു മനസിലാ ക്കുന്നു. ഇതുപോലെ നാം ദൈവത്തോടൊപ്പം ന ടക്കുമ്പോൾ ദൈവത്തെ കൂടുതൽക്കൂടുതൽ അ ടുത്തറിയുകയും അനുഭവത്തിലൂടെ ക്രിസ്തുവി ന്റെ ദിവ്യസ്വഭാവത്തിന്റെ കൂട്ടാളികളായി മാറുക യും ചെയ്യുന്നു. ഹാനോക്ക് ദൈവത്തോടുകൂടെ 300 സംവത്സരം നടന്നു. രണ്ടു പേർ തമ്മിൽ ഒ ത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ? ഒരുമിച്ച് നട ന്നപ്പോൾ ദൈവത്തിന്റെ സ്വഭാവം അവനിലേക്ക് പകരപ്പെടുവാൻ തുടങ്ങി. തുടർന്ന് ദൈവഹിതം എന്താണെന്ന് മനസ്സിലാക്കാൻ തുടങ്ങി. വിശ്വാ സം വർധിച്ചു. അങ്ങനെ അവന് ദൈവപ്രസാദം ഉള്ള ഒരു ജീവിതം നയിക്കുവാൻ കഴിഞ്ഞു. കർ ത്താവിനോടൊപ്പം നടക്കുമ്പോൾ ഞാൻ എത്രമാ ത്രം കുറവുള്ളവനാണെന്നു തിരിച്ചറിഞ്ഞു ദൈവത്തിനായുള്ള നമ്മുടെ ആത്മാവിന്റെ വിശപ്പും ദാഹവും നിലനിർത്താനും, അതോ ടൊപ്പം പാപം എന്നിൽ കർതൃത്വം നടത്താതവ ണ്ണം കർത്താവ് എന്നെ നടത്തും എന്ന ഉറപ്പും ആനന്ദവും പ്രാപിക്കുകയും ചെയ്യുന്നു. അങ്ങനെ കർത്താവ് എന്നിലും ഞാൻ കർത്താവിലും വസി ച്ച്, ഒരുമിച്ചുള്ള ഒരു ജീവിതത്തിലൂടെ ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതം നയിക്കുവാൻ നമു ക്ക് കഴിയട്ടെ. ദൈവം അതിന് നമ്മെ സഹായി ക്കട്ടെ. അതിന് നാം നമ്മെ തന്നെ പരിശുദ്ധാത്മാ വിന്റെ കരങ്ങളിലേക്ക് വിധേയപ്പെടുത്തുക. •

## കൊർബാൻ

"നിങ്ങളോ ഒരുത്തൻ അപ്പനോടെങ്കിലും, അമ്മയോടെങ്കിലും നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടത് വഴിപാട് എന്നു പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ട എന്നു പറയുന്നു; ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബലമാക്കിയിരിക്കുന്നു" (മത്തായി 15:5,6). മുകളിൽ 'വഴിപാട്' എന്ന് ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ എബ്രായ പദമാണ് കൊർബാൻ എന്നത് (മർക്കോസ് 7:11). കർത്താവിന്റെ കാലത്ത് പരീശന്മാർ വളരെയധികം ദുരു പയോഗപ്പെടുത്തിയിരുന്ന ഒരു വാക്കാണ് കൊർബാൻ .

മാതാപിതാക്കളെ ബഹുമാനിക്കുക, വാർദ്ധക്യത്തിൽ അവരെ പരിപാലിക്കുക എന്നത് ദൈവം വ്യക്തമായി കൊടുത്ത കൽപ്പനയാണ് (ആവർത്തനം 5:16, പുറപ്പാട് 21:17). എന്നാൽ സൂത്രശാലി കളായ പരീശന്മാർ ഇതിൽ നിന്ന് രക്ഷപ്പെടുവാൻ വേണ്ടി ഭക്തിയുടെ വേഷം ധരിച്ചുകൊണ്ടുതന്നെ ഒരു ഉപായം പ്രയോഗിച്ചു. ഒരുവന് തന്റെ പണം പിന്നീട് തിരികെ വാങ്ങാം എന്ന വ്യവസ്ഥയിൽ ദൈവാലയത്തിന്റെ ഖജനാവിൽ നിക്ഷേപിക്കാവുന്നതാണ് എന്ന ഒരു വ്യവസ്ഥയുണ്ടാക്കി പ്രസിദ്ധം ചെയ്തു. ഇങ്ങനെ നിക്ഷേപിക്കുന്ന സാഹചര്യത്തിൽ നിക്ഷേപകന്റെ മാതാപിതാക്കൾക്ക് എന്തെ ങ്കിലും സാമ്പത്തികസഹായം ആവശ്യമായി വരുമ്പോൾ അവർക്ക് സഹായമൊന്നും ചെയ്യാതെ തന്റെ പണമെല്ലാം 'കൊർബാൻ' ചെയ്തിരിക്കുകയാണ് എന്ന് മാതാപിതാക്കളോട് പറയുന്നു. അതാ യത് തന്റെ കൈവശമുള്ളതെല്ലാം ദൈവാലയത്തിൽ പ്രതിജ്ഞാപൂർവ്വം പ്രതിഷ്ഠിച്ചിരിക്കുകയാണ് എന്നർത്ഥം. ഇങ്ങനെ ചെയ്യുന്ന ഒരു വ്യക്തിക്ക് മാതാപിതാക്കളോടുള്ള കടമ നിർവ്വഹിക്കണമെന്ന ദൈവകൽപ്പനയിൽ നിന്ന് ഒഴിവു നൽകിക്കൊണ്ടുള്ള ഒരു എളുപ്പ മാർഗ്ഗമാണ് 'കൊർബാൻ' എന്ന മനുഷ്യനിർമ്മിത സമ്പ്രദായം. നിശ്ചിത കാലാവധി കഴിഞ്ഞ് തങ്ങളുടെ പണം അവർക്ക് മടക്കി ലഭിക്കയും ചെയ്യുന്നു. ഇതിനെ നമ്മുടെ കർത്താവ് നിശിതമായി വിമർശിച്ചുകൊണ്ട് നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബലമാക്കിയിരിക്കുന്നു എന്ന് പരിശന്മാരോട് പറഞ്ഞു. ■





ജെസ്സി സാജു

# ഭവനത്തിന്റെ സമ്പത്ത്

***നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്ക് ചുറ്റും ഒലിവുതൈകൾ പോലെയുമിരിക്കും. യഹോവഭക്തനായ പുരുഷൻ (ഭർത്താവ്) ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും (സങ്കീർത്തനം 128: 3,4)***

ഒരു പുരുഷന്റെ അനുഗ്രഹീതാവസ്ഥ എന്താണെന്ന് മേലുദ്ധരിച്ച വാക്യത്തിൽ നാം കാണുന്നു. 'നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ; നിനക്കു നന്മ വരും. നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്ക് ചുറ്റും ഒലിവുതൈകൾ പോലെയുമിരിക്കും' ഒരു പുരുഷന്റെ അനുഗ്രഹം എന്നു പറയുന്നത്, അവന്റെ ഭാര്യയും മക്കളുമാണ്; അല്ലാതെ അവന്റെ സമ്പാദ്യങ്ങളും പദവികളുമല്ല. അനുഗ്രഹീതയായ ഭാര്യ വീട്ടിനുള്ളിൽ ഒരു മുന്തിരിവള്ളി പോലെയാണ്. മുന്തിരി നമ്മെ സന്തോഷിപ്പിക്കുന്നതാണ്. ഭാര്യ, കുടുംബത്തിൽ പ്രസന്നവദനയായിരിക്കും. ഭവനത്തിലുള്ളവർക്കും ഭവനത്തിൽ വരുന്നവർക്കും അവൾ സന്തോഷകാരണമായിരിക്കും. അനുഗ്രഹീതയായ ഭാര്യ ഭവനത്തിന്റെ പ്രകാശമാണ്. ആർക്കും ആ ഭവനത്തിലേക്കു വരാൻ സന്തോഷമായിരിക്കും. കാരണം, ആരെയും ആകർഷിക്കുന്ന ഒരു ഊഷ്മള ആതിഥ്യം ആ വീട്ടുകാരിയിൽ നിന്ന് അവർക്കും പ്രതീക്ഷിക്കാം.

അനുഗ്രഹീതപുരുഷന്റെ മക്കളും അനുഗ്രഹീതർ തന്നെ. അവർ ഒലിവുതൈകൾ പോലെയായിരിക്കും. ഒലിവ് സമൃദ്ധിയുടെയും സമാധാനത്തിന്റെയും ചിഹ്നമാണ്. പ്രാചീനകാലത്തു ഒളിമ്പിക്സ് ജേതാക്കൾക്ക് വിജയകിരീടം ഒരുക്കാനും ഒലിവിന്റെ കൊമ്പുകളാണ് ഉപയോഗിച്ചിരുന്നത്. അനുഗ്രഹീതരായ കുഞ്ഞുങ്ങൾ ഭവനത്തിന്റെ സമ്പത്താണ്. അവരാണ് മാതാപിതാക്കളുടെ വിജയകിരീടം. അവിടെ സമാധാനം കളിയാടും. അനുഗ്രഹീത കുടുംബങ്ങളിൽ സഹോദരങ്ങൾ തമ്മിൽ ബഹളവും തല്ലും ഉണ്ടാക്കാറില്ല. അവർ അന്യോന്യം സ്നേഹിക്കുന്നവരുംബഹുമാനിക്കുന്നവരുമായിരിക്കും. എന്നാൽ ഈ അനുഗ്രഹങ്ങൾ ഒരു ഭവനത്തിലേയ്ക്ക് എത്തിക്കുന്നതിന്റെ പ്രധാന കണ്ണി കുടുംബത്തിലെ പുരുഷനാണ്. 'യഹോവയെ ഭയപ്പെട്ട്, തന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ' (സങ്കീർത്തനം128:1). കുടുംബത്തിലെ പുരുഷൻ ദൈവഭയത്തിൽ ജീവിക്കുന്നവനായിരിക്കണം. യഹോവയായിരിക്കണം അവന്റെ വഴികളെ നിയന്ത്രിക്കുന്നത്. അതേ, യഹോവയെ ഭയപ്പെടുകയും തന്റെ വഴികളിൽ നിന്ന് മാറാതെ നടക്കുകയും ചെയ്യുന്ന പുരുഷന്റെ ഭവനമാണ് അനുഗ്രഹീത ഭവനം. അങ്ങനെയുള്ള ഒരു വ്യക്തിയുടെ ഭാര്യ ആ വീട്ടിനകത്ത് മുന്തിരിവള്ളിയും, മക്കൾ മേശയ്ക്ക് ചുറ്റും ഒലിവുതൈകളുമായിരിക്കും. എന്നാൽ, ഈ ഭവനത്തിനുള്ളിൽ ഭർത്താവും ഭാര്യയും തമ്മിലും, മാതാപിതാക്കളും മക്കളും തമ്മിലും അന്യോന്യബന്ധത്തിൽ ഒരു ദൈവിക ക്രമം ഉണ്ട്.

'ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ'.'ഭാര്യമാരേ, കർത്താവിനെന്നപോലെ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ'.'ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി

സഭയ്ക്ക് തലയാകുന്നതു പോലെ ഭർത്താവ് ഭാര്യയ്ക്കു തലയാകുന്നു.''എന്നാൽ സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതു പോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം.'കീഴടങ്ങുക എന്നാൽ വിധേയപ്പെടുക എന്നാണ് അർഥം.

'ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ.' (എഫേസ്യർ 5:20-25). യഹോവയെ ഭയപ്പെടേണ്ടതിന്റെ ആവശ്യകത 128-ാം സങ്കീർത്തനത്തിൽ നാം കണ്ടു. ഇവിടെ യഹോവയെ, (ക്രിസ്തുവിനെ) ഭയപ്പെടുക മാത്രമല്ല, ആ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിക്കണമെന്നും പൗലോസ് പറയുന്നു. സഭയിൽ ഈ കീഴ്പ്പെടൽ വേണമെന്നാണ് ഇതിന്റെ മുൻവാക്യങ്ങളിൽ നാം കാണുന്നത്. തുടർന്ന് വായിക്കുമ്പോൾ, സഭയിൽ മാത്രമല്ല, ഭവനത്തിലും ഈ കീഴ്പ്പെടൽ (ബഹുമാനം) അന്യോന്യം വേണം. എന്നാൽ ഭയപ്പെടേണ്ടത് ക്രിസ്തുവിനെ മാത്രമായിരിക്കണം. ഭവനത്തിലെ എല്ലാവരും ക്രിസ്തുവിനെ ഭയപ്പെടുന്നവരായിരിക്കണം. പിതാവും, മാതാവും, മക്കളും, ക്രിസ്തുവിന്റെ ഭയത്തിൽ - അവിടുത്തെ സാന്നിധ്യബോധത്തിൽകഴിയുന്നവരായിരിക്കണം. എല്ലാം ക്രിസ്തു കാണുന്നുണ്ട്, അറിയുന്നുണ്ട് എന്ന ബോധ്യത്തിലായിരിക്കണം ഓരോ നിമിഷങ്ങളിലും നമ്മുടെ ജീവിതം.

അങ്ങനെ ദൈവഭയത്തിൽ കഴിയുന്ന ഒരു കുടുംബത്തിന്റെ തലവൻ ഭർത്താവാണ്. അതേ സമയം ആത്മികമായി പറയുമ്പോൾ കുടുംബത്തിന്റെ തലവൻ കർത്താവാണ്. അതിനു താഴെ അനുസരണയോടെ ബഹുമാനപുരസ്സരം വിധേയത്വത്തോടെ ഭാര്യ. 'ഭാര്യമാരേ, കർത്താവിന് എന്നപോലെ, സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ.' (എഫേസ്യർ 5:22) ഭാര്യ, ഭർത്താവിന് എങ്ങനെ കീഴടങ്ങിയിരിക്കണമെന്ന് ഇവിടെ പറയുന്നു; 'കർത്താവിന് എന്നപോലെ'... നിങ്ങൾ ഭർത്താവിന് കീഴടങ്ങുമ്പോൾ, കർത്താവിന് കീഴടങ്ങുകയാണെന്ന് പൗലോസ് പറയുന്നു.

വാസ്തവത്തിൽ, കുടുംബബന്ധത്തെ - ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തോടാണ് ഇവിടെ താരതമ്യപ്പെടുത്തിയിരിക്കുന്നത്. കൊരിന്ത്യലേഖനത്തിൽ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക: 'എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയണം എന്നു ഞാൻ ആഗ്രഹിക്കുന്നു.' (1 കൊരിന്ത്യർ 11:3).

**ക്രിസ്തുസഭയിലെ ഓരോ അംഗങ്ങൾക്കും ഓരോ നിമിഷങ്ങളിലും നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടേയിരിക്കുന്നു. അവയ്ക്ക് കീഴ്പ്പെടുന്നത് രക്ഷയാണ്. കീഴ്പ്പെട്ടില്ലെങ്കിൽ അപകടവും.**

എഫേസ്യലേഖനത്തിൽ നാം കാണുന്നത്, 'സ്ത്രീയുടെ തല പുരുഷൻ.' എന്നാണെങ്കിൽ ഇവിടെ കാണുന്നത്, പുരുഷന്റെ തല ക്രിസ്തു എന്നാണ്. അതായത്, സ്ത്രീയും പുരുഷനും ക്രിസ്തുവിനെ എല്ലാ രീതിയിലും, എല്ലാ സമയത്തും അനുസരിക്കണം എന്നു പൗലോസ് പറയുന്നു. പുരുഷൻ ക്രിസ്തുവിനെ അനുസരിക്കുന്നതു കണ്ടിട്ടുവേണം സ്ത്രീ പുരുഷനെ അനുസരിച്ചു പഠിക്കുവാൻ. എന്നാൽ പുരുഷൻ ആരിൽ നിന്നാണ് അനുസരണം കണ്ടുപഠിക്കേണ്ടത്? അത് തുടർന്നുള്ള വാക്യങ്ങളിൽ കാണുന്നു.'ക്രിസ്തുവിന്റെ തല ദൈവം.' അതായത് ക്രിസ്തു എപ്രകാരം പിതാവാം ദൈവത്തെ അനുസരിച്ച് കീഴ്പ്പെട്ടിരുന്നുവോ, അതുപോലെ, പുരുഷൻ ക്രിസ്തുവിനെ അനുസരിച്ച് കീഴ്പ്പെട്ടിരിക്കണം. അങ്ങനെ പുരുഷൻ ക്രിസ്തുവിനോടുള്ള അനുസരണത്തിൽ ജീവിക്കുമ്പോൾ, സ്ത്രീ അതുകണ്ട് പുരുഷനെ അനുസരിച്ച് കീഴ്പ്പെടും. അങ്ങനെ എല്ലാവരും ക്രിസ്തുവിന്റെ ഭയത്തിൻ കീഴിലാകും.

തലയും ശരീരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി പറയുമ്പോൾ, കീഴ്പ്പെടുന്ന കാര്യം മാത്രം പറഞ്ഞാൽ പോരാ. 'ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയായിരിക്കുന്നതു പോലെ' (എഫേസ്യർ 5:29) എന്നാണ് നാം ഇവിടെ വായിക്കുന്നത്. അതായത് കീഴടങ്ങുന്നത് ശരീരത്തിന്റെ ഉത്തരവാദിത്തമാണ് എന്നതുപോലെ, 'രക്ഷിതാവാകുക' എന്നത് തലയുടെ ഉത്തരവാദിത്തമാണ്. തലയും ശരീരവും തമ്മിലുള്ള ബന്ധം വേർപെടുത്തുവാനാകാത്തതാണ്. വേർപെടുത്തിയാൽ മരണമായിരിക്കും ഫലം.

നമ്മുടെ കൈ ചൂടിനടുത്തേക്ക് ചെല്ലുമ്പോൾ, അത് അപകടകരമാകയാൽ അതിനോട് അകന്നുനില്ക്കണമെന്ന് കൈക്ക് നിർദ്ദേശം കൊടുത്ത് രക്ഷിക്കുന്നത് തലയാണ്. തല ശരീരത്തിന്റെ ഓരോ അവയവങ്ങൾക്കും ഓരോ നിമിഷങ്ങളിലും നിർദ്ദേശങ്ങൾ കൊടുത്തു കൊണ്ടേയിരിക്കുന്നു. അതിനു കീഴ്പ്പെടുന്നതു കൊണ്ടാണ് അവയവങ്ങൾ സുരക്ഷിതമായിരിക്കുന്നത്. സഭയിലെ ഓരോ അംഗങ്ങൾക്കും ക്രിസ്തു ഓരോ നിമിഷങ്ങളിലും നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടേയിരിക്കുന്നു. അവയ്ക്ക് കീഴ്പ്പെടുന്നത് രക്ഷയാണ്. കീഴ്പ്പെട്ടില്ലെങ്കിൽ അപകടവും. കുടുംബജീവിതത്തിലും ഇതുപോലെ സുബോധത്തോടുകൂടെ, ആവശ്യാനുസരണം ഭാര്യയ്ക്ക് നിർദ്ദേശങ്ങൾ കൊടുക്കുന്നത് ഭർത്താവിന്റെ ഉത്തരവാദിത്തമാണ്.

എന്നാൽ എങ്ങനെയാണ് കുടുംബത്തിനാവശ്യമായ നിർദ്ദേശങ്ങൾ സുബോധത്തോടെ കൊടുക്കാൻ ഭർത്താവിനു കഴിയുന്നത്? അത്, ക്രിസ്തു, പുരുഷന്റെ തല ആയിരിക്കുമ്പോൾ മാത്രമാണ്; പുരുഷൻ, ക്രിസ്തുവിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച് അനുസരിക്കുന്നു; ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾ കുടുംബത്തിലേക്ക് കൈമാറുന്നു. ഈ ക്രമത്തിന് പിഴവു പറ്റിയാൽ, എല്ലാം തകരാറിലായി. ക്രിസ്തുവിനെ സകലത്തിലും അനുസരിക്കുന്ന പുരുഷനും (ഭർത്താവും), ആ പുരുഷന് സകലത്തിലും വിധേയപ്പെടുന്ന സ്ത്രീയും അഥവാ ഭാര്യയും ഉള്ള ഭവനം ഭൂമിയിൽ സ്വർഗ്ഗതുല്യമായിരിക്കും •

## ക്രിസ്തീയ ജീവിതത്തിന് 10 നിർദ്ദേശങ്ങൾ

1. **പ്രതിദിന ബൈബിൾ വായന:** കേവലം ആത്മസംതൃപ്തിക്കായി ഒരു അധ്യായം വായിക്കാതെ, വായിച്ചു ഹൃദയത്തിൽ സംഗ്രഹിക്കുക. ആ വചനം സംരക്ഷണവും ആലോചനയും തിരുത്തലുകളും ആത്മധൈര്യവും നൽകും.
2. **പ്രാർഥനയുടെ രഹസ്യം പഠിക്കുക:** പ്രാർഥന ഒരു ആശയവിനിമയ മാർഗമാണ്. എല്ലാ പ്രാർഥനകൾക്കും മറുപടിയുണ്ട്. ചിലപ്പോൾ അതേയെന്നും, ചിലപ്പോൾ അല്ലായെന്നും, ചിലപ്പോൾ ഏറെ ദിവസങ്ങൾക്കു ശേഷമെന്നും.
3. **പരിശുദ്ധാത്മാവിന്റെ നിയോഗം പ്രാപിക്കുക:** പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതയിൽ ബലം നൽകി പ്രാർത്ഥനയിൽ നമ്മെ സഹായിക്കും. നാം ബലഹീനരും അശക്തരും നിരാലംബരുമായി തീരുമ്പോൾ പ്രാർഥനയ്ക്കായി പരിശുദ്ധാത്മാവു നമ്മെ സഹായിക്കും.
4. **സഭായോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുക:** ഭൂമിയിലെ ദൈവത്തിന്റെ സമാഗമന സ്ഥലമാണ് സഭ. ഹാജർ ലഭിക്കാൻ അവിടെ പോകുന്നതിലുപരി വിശുദ്ധന്മാരുടെ സംഗമവേദിയാകേണ്ടതാണ്.
5. **ക്രിസ്തുവിന്റെ പ്രചാരകരാകുക:** ജീവിതം കൊണ്ടും വാക്കു കൊണ്ടും നാം ലോകത്തിൽ ക്രിസ്തുവിന്റെ പ്രചാരകരാകുക.
6. **നാം നമ്മുടെ ജീവിതത്തെ സമർപ്പിക്കുക:** സ്വയം ത്യജിച്ച ക്രിസ്തുവിന്റെ ക്രൂശെടുത്ത് തന്നെ അനുഗമിക്കുകയും മറ്റുള്ളവരെ സ്നേഹിക്കുകയും ചെയ്യുക.
7. **അനുസരണയുള്ള ക്രിസ്ത്യാനിയാകുക:** ജീവിതത്തിന്റെ സമസ്തമേഖലകളിലും നാം ദൈവത്തിന് വിധേയരായി ജീവിക്കുക, പ്രവർത്തിക്കുക.
8. **പരീക്ഷകളെ അതിജീവിക്കുക:** പരീക്ഷ അതിൽത്തന്നെ ഒരു പാപം അല്ല. അതിനോട് സമരസപ്പെടുന്നതാണ് പാപം. അതുകൊണ്ട് ക്രിസ്തുവിനാലും പരിശുദ്ധാത്മാവിനാലും നാം പാപത്തെ ജയിക്കുക.
9. **ജീവിതം എല്ലാവർക്കും പ്രചോദനമായിരിക്കട്ടെ:** നമ്മുടെ ജീവിതവും പ്രവർത്തിയും മറ്റുള്ളവർക്ക് പ്രചോദനവും ആശ്വാസവുമായിരിക്കട്ടെ.
10. **പ്രതിബന്ധങ്ങളെ അതിജീവിക്കുക:** ജീവിതത്തിന്റെ എല്ലാ പ്രതികൂലങ്ങളിലും ദൈവാശ്രയത്താൽ പ്രതിബന്ധങ്ങളെ മറികടക്കുക.



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# നികുതി കൊടുത്തും മാതൃക

*അവർ കഫർന്നഹൂമിൽ എത്തിയാറെ ദ്വിദ്രഹ്മപ്പണം വാങ്ങുന്നവർ പത്രൊസിന്റെ അടുക്കൽ വന്നു: നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ എന്നു ചോദിച്ചതിന്: ഉവ്വ് എന്ന് അവൻ പറഞ്ഞു. അവൻ വീട്ടിൽ വന്നപ്പോൾ യേശു അവനോട്: ശിമോനേ, നിനക്ക് എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോടു വാങ്ങുന്നു? പുത്രന്മാരോടോ അന്യരോടോ എന്നു മുന്നിട്ടു ചോദിച്ചതിന്: അന്യരോട് എന്ന് അവൻ പറഞ്ഞു. യേശു അവനോട്: എന്നാൽ പുത്രന്മാർ ഒഴിവുള്ളവരല്ലോ. എങ്കിലും നാം അവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിനു നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്ക; അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും; അത് എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്ക എന്നു പറഞ്ഞു (മത്തായി 17:24 -27)*

**ന**മ്മുടെ വേദഭാഗത്ത് കാണുന്ന ദ്വിദ്രഹ്മപ്പണം വാങ്ങുന്നവർ എന്ന പ്രയോഗം ദൈവാലയ നികുതി പിരിക്കുന്നവരെ ഉദ്ദേശിച്ചാണ്. രണ്ട് വെള്ളിക്കാശാണ് നികുതിയായി കൊടുക്കേണ്ടത്. ഒരു വെള്ളിക്കാശ് ഒരു ദിവസത്തെ വേതനമാണ് (മത്തായി 20 :2). രണ്ടുദിവസത്തെ വേതനമാണ് ദൈവാലയ നികുതി എന്നർത്ഥം. ഇത് ദൈവാലയത്തിലെ കാര്യങ്ങളുടെ നടത്തിപ്പിനായിട്ടായിരുന്നു. നെഹമ്യാവിന്റെ കാലത്ത് ഇതുപോലെ ഒരു പിരിവ് ഏർപ്പെടുത്തിയതായി നാം കാണുന്നുണ്ട് (നെഹമ്യാവ് 10 :32,33).

നികുതി പിരിക്കുന്നവർ പത്രോസിനോട് ചോദിച്ചത് 'നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ എന്നാണ്. പത്രോസിന്റെ മറുപടി 'ഉവ്വ് എന്നായിരുന്നു. കാരണം, നിയമം പാലിക്കുന്നതായിരുന്നു കർത്താവിന്റെ ജീവിതം. നികുതിപ്പിരിവുകാർ ചോദിച്ച വിവരം പത്രോസ് യേശുവിനോട് പറയുന്നതിനു മുമ്പേ, യേശു പത്രോസിനോട് അക്കാര്യം പറയുന്നു. അവിടുന്ന് എല്ലാം അറിയുന്നു എന്നത് വ്യക്തമാക്കുകയായിരുന്നു. വാസ്തവത്തിൽ കർത്താവ് നികുതിയിൽ നിന്നും ഒഴിവുള്ളവൻ എങ്കിലും കർത്താവ് നികുതി കൊടുക്കാൻ തയ്യാറായി. യേശു ആരാണ് എന്ന് നികുതിപ്പിരിവുകാർ അറിഞ്ഞിരുന്നു എങ്കിൽ അവർ ഒരിക്കലും കർത്താവിനോട് പിരിവ് ചോദിക്കുമായിരുന്നില്ല.

**കർത്താവ് നികുതിയിൽ നിന്നും ഒഴിവുള്ളവൻ എങ്കിലും കർത്താവ് നികുതി കൊടുക്കാൻ തയ്യാറായി. യേശു ആരാണ് എന്ന് നികുതിപ്പിരിവുകാർ അറിഞ്ഞിരുന്നു എങ്കിൽ അവർ ഒരിക്കലും കർത്താവിനോട് പിരിവ് ചോദിക്കുമായിരുന്നില്ല.**

നാം ഉൾപ്പെട്ടു നിൽക്കുന്ന സഭകളിൽ പണം പിരിക്കാറുണ്ട്. വിവിധ ആവശ്യങ്ങൾക്കായി. അതിൽ എല്ലാവരും സഹകരിക്കേണ്ടത് സഭയുടെ ആവശ്യങ്ങൾ നടക്കുന്നതിന് ആവശ്യമാണ്. 'അവർക്ക് ഇടർച്ച വരുത്താതിരിക്കാൻ' എന്നുള്ള കർത്താവിന്റെ മനോഭാവം നാം മാതൃകയാക്കണം. പിരിവിനെക്കുറിച്ചുള്ള തർക്കങ്ങൾ ഗുണകരമല്ല. പണം പിരിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും എല്ലാം സുതാര്യത ഉണ്ടായിരിക്കണം എന്നതിൽ എല്ലാവരും യോജിച്ച പ്രവർത്തിക്കണം. ഇടർച്ചയ്ക്കുള്ള കാരണം ഇല്ലാതിരിക്കട്ടെ.

നമ്മുടെ രാജ്യത്തിന്റെ നിയമപ്രകാരം നാം നികുതി കൊടുക്കേണ്ടവരാണ്. ഭരണച്ചിലവുകളും വികസനപ്രവർത്തനങ്ങളും എല്ലാം നികുതിയെ ആശ്രയിച്ച് ആണല്ലോ നടത്തുന്നത്. പിരിക്കുന്ന നികുതി വിശ്വസ്തതയോടെ കൈകാര്യം ചെയ്താൽ നാടിന്റെ നന്മയ്ക്ക് കാരണമാകും. പിരിക്കുന്ന നികുതി കൈകാര്യം ചെയ്യുന്നവർ അവിശ്വസ്തരാകുന്നതും നികുതിവെട്ടിപ്പ് നടത്തുന്നതും ഒരുപോലെ കുറ്റകരമാണ്, വലിയ തിന്മയാണ്.

കരം കൊടുക്കുവാൻ ഉള്ള വെള്ളിക്കാശ് കർത്താവ് കണ്ടെത്തിയത് എത്ര അത്ഭുതകരമായിട്ടായിരുന്നു. ഗലീലാത്തടാകത്തിൽ കിടന്ന ഒരു മത്സ്യത്തിന്റെ വായിൽ ഇരിക്കുന്ന വലിയ വെള്ളിക്കാശ്(ചതുർദ്രഹ്മപ്പണം)കർത്താവ് കണ്ടു. പത്രോസിനോട് ചൂണ്ടൽ ഇടുവാൻ കൽപ്പിച്ചപ്പോൾ ആ മത്സ്യം തന്റെ വായിൽ വഹിച്ചുകൊണ്ടുവന്ന ചതുർദ്രമപ്പണം കർത്താവിന് കൊടുപ്പാൻ പത്രോസിന്റെ ചൂണ്ടലിൽ കുടുങ്ങുവാൻ ഏൽപ്പിച്ചു കൊടുത്തു. സ്രഷ്ടാവിനെ അനുസരിക്കുന്ന സൃഷ്ടി, ജീവൻ നൽകി അനുസരിക്കുന്ന പ്രാണി! തനിക്ക് കരം കൊടുക്കുവാനുള്ള വെള്ളിക്കാശു പിതാവ് കരുതിയിരിക്കുന്നത് തിരിച്ചറിഞ്ഞ പുത്രൻ!

യേശുകർത്താവിന്റെ സർവ്വജ്ഞാനത്തിന്റെ വെളിപ്പാടായി ഈ സംഭവം നമുക്ക് കാണാം. ദൈവകരുതലിന്റെ വൈവിധ്യത്തേക്കുറിച്ചുള്ള ഒരു വെളിപ്പാട് കൂടിയാണിത്. പണം ഇല്ല എന്ന കാരണമോ അല്ലെങ്കിൽ ദ്രവ്യാഗ്രഹമോ ആണ് പണത്തിൽ പലരും അവിശ്വസ്തരാകുവാൻ കാരണം. വിശ്വസ്തതയുടെ അടിസ്ഥാന ഘടകമാണ്. പണമിടപാടുകളിലുള്ള വിശ്വസ്തത. സകലത്തിലും വലിയവനായി ദൈവത്തെ കാണുവാനും സ്നേഹിക്കുവാനും വിശ്വസിക്കുവാനും കഴിയുമ്പോഴാണ് വിശ്വസ്തത വേരുറച്ച് വളരുക. ദൈവത്തോടുള്ള ആത്മബന്ധത്തിന്റെ കുറവ് തന്നെയാണ് അവിശ്വസ്തതയുടെ കാരണം.

**നമ്മുടെ രാജ്യത്തിന്റെ നിയമപ്രകാരം നാം നികുതി കൊടുക്കേണ്ടവരാണ്. ഭരണച്ചിലവുകളും വികസനപ്രവർത്തനങ്ങളും എല്ലാം നികുതിയെ ആശ്രയിച്ച് ആണല്ലോ നടത്തുന്നത്. പിരിക്കുന്ന നികുതി വിശ്വസ്തതയോടെ കൈകാര്യം ചെയ്താൽ നാടിന്റെ നന്മയ്ക്ക് കാരണമാകും....**

നമ്മുടെ ആവശ്യങ്ങൾ നിവർത്തിച്ചു തരുവാൻ ദൈവത്തിന് വ്യത്യസ്തമായ വഴികൾ ഉണ്ട്. നാം ചോദിക്കുമ്പോൾ ദൈവം വ്യക്തമായി നമുക്ക് വഴി കാണിച്ചു തരും. നമ്മുടെ ദൈവം ആലോചനയിൽ വലിയവനും പ്രവർത്തിയിൽ മഹാനുമാണ്. അതുകൊണ്ടാണ്, ' ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കുക അത്രേ വേണ്ടത് എന്ന് നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നത് (ഫിലിപ്പിയർ 4: 6). ഹൃദയം തുറന്ന് നാം കർത്താവിനോട് പ്രാർത്ഥിക്കുമ്പോൾ അവിടുന്ന് നമുക്ക് തക്ക ആലോചന നൽകും, വഴി കാട്ടിത്തരും. നാം നിരാശരാകുവാൻ ഇടയാവുകയില്ല. എന്നാൽ കർത്താവ് തരുന്ന ആലോചന നമ്മുടെ ബുദ്ധിക്ക് അംഗീകരിക്കുവാൻ കഴിയുന്നില്ല എന്നതിനാൽ, തിരസ്കരിച്ചാൽ നാം ദൈവം തുറന്ന വഴി സ്വയം അടയ്ക്കുകയായിരിക്കും ചെയ്യുക.

കടലിൽ ചെന്ന് ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മത്സ്യത്തിന്റെ വായിൽ ചതുർദ്രഹ്മപ്പണം ഉണ്ടെന്ന് കർത്താവ് പറഞ്ഞത്, പത്രോസ് അങ്ങനെതന്നെ വിശ്വസിച്ചു. കർത്താവ് പറഞ്ഞതുപോലെ ചെയ്തപ്പോൾ കർത്താവിന്റെ കരുതൽ പത്രോസ് കണ്ടു. കർത്താവിന് വേണ്ടിയുള്ള നികുതി മാത്രമല്ല തന്റെ നികുതി കൂടി അടയ്ക്കുവാനുള്ള പണം കർത്താവ് നൽകി. കർത്താവിന്റെ ആവശ്യം മുൻനിർത്തി പ്രവർത്തിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾ നിവർത്തിക്കപ്പെടും എന്ന ഒരു തത്വവും

ഇവിടെ നമുക്ക് ഗ്രഹിക്കുവാൻ കഴിയുന്നില്ലേ? മുമ്പേ, അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കാൻ കൽപ്പിച്ച കർത്താവ്, അതോടു കൂടെ നമ്മുടെ ആവശ്യങ്ങൾ നിവർത്തിക്കപ്പെടും എന്ന ഉറപ്പും നൽകുന്നുണ്ട്.

ദൈവത്തിൽ പൂർണ്ണമായും ആശ്രയിക്കുമ്പോൾ സ്വന്തബുദ്ധിയിലുള്ള ആശ്രയം വിടേണ്ടതുണ്ട്. 'പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക, സ്വന്തവിവേകത്തിൽ ഊന്നരുതു' (സദൃശ്യവാക്യം 3:5) എന്ന പ്രബോധനം ഗൗരവം ഉള്ളതാണ്. കണക്കുകൂട്ടി ബുദ്ധിക്ക് ബോധ്യമാകുന്നത് പോലെ പ്രവർത്തിക്കുവാൻ ആണ് മിക്കപ്പോഴും നാം ശ്രമിക്കാറുള്ളത്. നമ്മുടെ അതിരുവിട്ട ടെൻഷന്റെ കാരണം അത് തന്നെയാണ്. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് വാസ്തവത്തിൽ ദൈവത്തിന്റെ തണലിൽ വിശ്രമിക്കാൻ കഴിയും. ദൈവത്തിന്റെ കരുതലിനെ കുറിച്ചുള്ള ഉറപ്പ് അവർക്ക് ഉണ്ടായിരിക്കും

ഈ പണം മത്സ്യത്തിന്റെ വായിൽ എങ്ങനെ എത്തി? ആരെങ്കിലും കടലിലേക്ക് വലിച്ചെറിഞ്ഞതോ, അല്ലെങ്കിൽ നഷ്ടപ്പെട്ട പണമോ ആയിരിക്കാം. അന്ധവിശ്വാസത്തിൽ ഇന്നും വെള്ളത്തിലേക്കും നദിയിലേക്കും ഒക്കെ പണം എറിയുന്നവർ ഉണ്ട്. കടലിൽ വീണ പണം നഷ്ടപ്പെട്ട് പോവുകയേ ഉള്ളൂ. അത് പിന്നെ ആർക്കും അവകാശപ്പെടുവാൻ കഴിയുന്നതല്ല. സകലത്തിന്റെയും ഉടമസ്ഥൻ ദൈവം മാത്രമാണല്ലോ. ഒരു ചതുർദ്രഹ്മപ്പണം കൊത്തി എടുക്കുവാൻ ദൈവം തന്റെ സൃഷ്ടിയായ മത്സ്യത്തോടെ കൽപ്പിച്ചു; അത് അനുസരിച്ചു. തന്റെ പ്രവർത്തിക്കായി അവിടുന്ന് സൃഷ്ടിച്ച ജീവജാലങ്ങളെ ഉപയോഗിക്കുന്നു. യോനായ്ക്കുവേണ്ടി ദൈവം ഒരു മത്സ്യത്തെ കൽപ്പിച്ച് ആക്കിയിരുന്നല്ലോ. ഏലിയാവിന് വേണ്ടി കാക്കയെ ഉപയോഗിച്ചു. ബിലയാമിന്റെ കഴുത ബിലയാമിനോട് സംസാരിച്ചു. പത്രോസിന്റെ പിന്മാറ്റത്തെ ഓർപ്പിക്കുവാൻ കോഴി കൂകി...ഇങ്ങനെ പലപ്പോഴും തന്റെ മക്കളോടുള്ള ബന്ധത്തിൽ കർത്താവ് പ്രവർത്തിച്ചിട്ടുണ്ട്. സമുദ്രമദ്ധ്യേ ഉണങ്ങിയ പാത ഒരുക്കിയദൈവം നമ്മുടെ എല്ലാ പ്രതിസന്ധികളിലും ആവശ്യങ്ങളിലും ഇടപെടുവാൻ ശക്തനും മനസ്സുള്ളവനുമാണ് എന്ന ചിന്ത നമ്മിൽ വേരുറയ്ക്കട്ടെ. കർത്താവിനെ അനുഗമിക്കുന്ന നാം കർത്താവിൽ പൂർണമായി വിശ്വസിക്കുവാനും അനുസരിക്കുവാനും ശ്രദ്ധയുള്ളവരായിരിക്കാം. നമ്മുടെ ബുദ്ധിക്ക് അതീതമായി പ്രവർത്തിക്കുന്ന സർവ്വജ്ഞാനിയും സർവ്വശക്തനുമാണ് നമ്മുടെ കർത്താവ് എന്നു മറക്കാതിരിക്കാം. വെള്ളം വീഞ്ഞാക്കി പ്രാരംഭ അത്ഭുതം വ്യത്യസ്തമായി ചെയ്തു പ്രവർത്തി ആരംഭിച്ച കർത്താവിന്റെ എല്ലാ പ്രവർത്തികളും തന്റെ ശിഷ്യഗണത്തിന്റെ ചിന്തകൾക്കപ്പുറം ആയിരുന്നു! •

# ദാസന്റെ വിധേയത്വം

**ദൈ**വത്തിൽ നിന്ന് ലഭിച്ചതും നമ്മിൽ വസിക്കുന്നതുമായ പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു നമ്മുടെ ശരീരം. അതായത് നാം നമ്മുടെ സ്വന്തമല്ല, വിലയ്ക്കു വാങ്ങപ്പെട്ടവരാണ്, ക്രിസ്തുവിന്റെ ഉടമസ്ഥാവകാശത്തിലുള്ളവരുമാണ്. അതുകൊണ്ട് ശരീരം കൊണ്ടു ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ദാസൻ എന്നതിനർത്ഥം ഞാൻദൈവത്തിന്റെ സ്വന്തമെന്നാണ്. ഞാൻ ദൈവത്തിന്റെ അവകാശമാണ്. യേശുകർത്താവു തന്റെ രക്തത്താൽ നമ്മെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു.ദാസന്മാരെ നഷ്ടപ്പെടുമ്പോൾ യജമാനന്മാർക്ക് അവരുടെ സ്വത്താണ് നഷ്ടപ്പെടുന്നത്. അപ്പൊസ്തലന്മാരൊക്കെയും ദൈവത്തിന്റെ ദാസന്മായിരുന്നു. അതായത് അവർദൈവത്തിന്റെ സ്വത്തായിരുന്നു. ആരെങ്കിലും ദൈവത്തിന്റെ ദാസനെതിരായി സംസാരിച്ചാൽ, അവനുവേണ്ടി ദൈവം തീർച്ചയായും സംസാരിക്കും. നാം സ്വയം പ്രതിരോധി ക്കേണ്ടതില്ല, കാരണം ഇത് ദൈവത്തിന്റെ കാര്യമാണ്. ഞാൻ അവന്റെ ദാസനാണ്, ദൈവമാണ് എന്നെ നിയമിച്ചതെങ്കിൽ, എന്നെത്തന്നെ ന്യായീകരിക്കുവാൻ ഞാൻ ഒന്നും ചെയ്യേണ്ടതില്ല; അത് ദൈവം ചെയ്തു കൊള്ളും. കാരണം അതേ ദെവത്തിന്റെ ഉത്തരവാദിത്തമാണ്. •

**രണ്ട് കാര്യങ്ങൾക്കു മുൻഗണന കൊടുക്കണം. പാപികളോടുള്ള സ്നേഹവും അവർ ക്രിസ്തുസാദൃശ്യം കൈവരിക്കുന്നതിനുള്ള ദർശനവും!**

അവയവങ്ങൾ എന്ന നിലയിൽ അന്യോന്യം കരുതുകയും ആദരിക്കുകയും ചെയ്യേണ്ടതാണ്.

**നിരസിക്കപ്പെട്ട പ്രധാന മൂലക്കല്ല്:**

യേശു പറഞ്ഞു, 'വീട് പണിയുന്നവർ നിരസിച്ച കല്ല് പ്രധാന മൂലക്കല്ലായിത്തീർന്നിരിക്കുന്നു (ലൂക്കോസ് 20:17). യേശുവിന്റെ ജീവിതത്തെയും വാക്കുകളെയും തമ്മിൽ നമുക്ക് വേർപെടുത്താൻ കഴിയില്ല. ക്രിസ്തുവും അവിടുത്തെ വചനവും ഒന്നാണ്. യേശു പഠിപ്പിച്ച കാര്യങ്ങൾ പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും നാം പരാജയപ്പെടുന്നെങ്കിൽ തന്റെ കർതൃത്വത്തെ നിരാകരിക്കുന്നതിന് തുല്യമാണ്. കർത്താവിന്റെ ജീവിതവും പഠിപ്പിക്കലുകളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ശ്രദ്ധിക്കുക. അവിടുന്ന് പറഞ്ഞു: 'എന്നെ തള്ളിക്കളയുകയും എന്റെ വചനങ്ങൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവനെ വിധിക്കുന്നവൻ ഉണ്ട്; ഞാൻ പറഞ്ഞ വചനം തന്നെ അവസാന നാളിൽ അവനെ വിധിക്കും' (യോഹന്നാൻ 12:48). അവിടുന്ന് വീണ്ടും മുന്നറിയിപ്പ് നൽകി, 'എന്നെയും എന്റെ വാക്കുകളെയും കുറിച്ച് ലജ്ജിക്കുന്നവൻ മനുഷ്യപുത്രൻ തന്റെ മഹത്വത്തിൽ വരുമ്പോൾ അവനെക്കുറിച്ച് ലജ്ജിക്കും'. (ലൂക്കോസ് 9:26). അവിടുന്ന് നമ്മുടെ കാപട്യത്തെ തുറന്നുകാട്ടുന്നു , 'എന്തുകൊണ്ടാണ് നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്ന് വിളിക്കുന്നതും ഞാൻ പറയുന്നത് ചെയ്യാത്തതും'? (ലൂക്കോസ് 6:46). ക്രിസ്തുവും തന്റെ വചനവും അവിഭാജ്യമാണ്. യേശു വചനമായിത്തീർന്ന ഒരു മനുഷ്യനല്ല. എന്നാൽ ഒരു മനുഷ്യനായിത്തീർന്ന നിത്യവചനം ആണ്. തന്റെ സഹജഗുണം അഥവാ സ്വഭാവം തന്നെ ദൈവവചനമാണ്. യേശുകർത്താവ് പറയുന്നതിനെ നിരസിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നത് താൻ ആരാണെന്ന് നിരസിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നതിന് തുല്യമാണ്.

അതിനാൽ, ക്രിസ്തുവിനെപ്പോലെ ആകുന്നതിന് നാം മറ്റുള്ളവർക്ക് ക്രിസ്തുകേന്ദ്രീകൃത പരിശീലനം നൽകുന്നില്ലെങ്കിൽ, മഹാനിയോഗത്തിന്റെ കാതൽ തന്നെയാണ് നമുക്ക് നഷ്ടമാകുന്നത്. തീർച്ചയായും, ഈ പരിശീലനം വ്യത്യസ്തതരത്തിൽ പ്രായോഗികമാക്കാമെങ്കിലും ക്രിസ്തുവിനോടും തന്റെ പഠിപ്പിക്കലിനോടും താദാത്മ്യപ്പെടുന്ന വിധത്തിലായിരിക്കണം. പാപാന്ധകാരത്തിൽ കഴിയുന്നവരുടെ രക്ഷയാണ് മഹാനിയോഗത്തിന്റെ പ്രകടവും പ്രത്യക്ഷവുമായ ലക്ഷ്യം. അതിനാൽ ദൈവവേലക്കാർ സംഘടനാസ്പിരിറ്റോ, സാംസ്കാരിക പശ്ചാത്തലമോ, പാരമ്പര്യമോ പരിഗണിക്കാതെ രണ്ട് കാര്യങ്ങൾക്കു മുൻഗണന കൊടുക്കണം. പാപികളോടുള്ള സ്നേഹവും അവർ ക്രിസ്തുസാദൃശ്യം കൈവരിക്കുന്നതിനുള്ള ദർശനവും!

സഭയിൽ യഥാർത്ഥ ക്രിസ്തുശിഷ്യന്മാരെ കാണുന്നതിന് കുറ്റമറ്റ രീതിയിൽ ശുശ്രൂഷിക്കുവാൻ നാം പ്രതിജ്ഞാബദ്ധരായിരിക്കണം. ലക്ഷ്യപ്രാപ്തിയിലെത്തുന്നത് കാണുവാൻ വർഷങ്ങളെടുക്കുമെങ്കിലും മടുത്തു പോവുകയോ ദൗത്യം ഉപേക്ഷിക്കുകയോ ചെയ്യരുത്. മഹാനിയോഗം ഉപേക്ഷയായി കരുതാതെ ദൈവാശ്രയത്തോടും ദൃഢനിശ്ചയത്തോടും മഹാനിയോഗത്തിന്റെ ശുശ്രൂഷ നിറവേറ്റുന്നതിനായി നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. താഴ്മയോടെ നമ്മെ വിലയിരുത്തുന്ന പക്ഷം, ക്രിസ്ത്യാനിത്വത്തിന്റെ പ്രായോഗിക ജീവിതം പലപ്പോഴും ദൈവത്തിന്റെ ഹൃദയത്തോട് ചേർന്നുപോകുന്നില്ലെന്നു നമുക്ക് മനസിലാക്കാം. മഹാനിയോഗവും നമ്മുടെ പ്രായോഗിക ജീവിതവും രണ്ടും രണ്ടു വഴിക്കു പോകുന്നു എന്നതാണ് അതിന്റെ കാരണം. ക്രിസ്തുവിന്റെ ഉപദേശവും ജീവിതവും രണ്ടും ഒരേ ദിശയിൽത്തന്നെ ആയിരുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. ഇത് നമ്മുടെ ജീവിതത്തിലും പ്രയോഗികമാക്കുവാൻ നമുക്ക് നമ്മെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കാം. •

ത്തിന്റെ മണിമുഴക്കം. പിന്നീട് നിനക്ക് ദാസന്റെ മേൽ നിയമപരമായ അവകാശമില്ല. എന്നാൽ വിട്ടയയ്ക്കുമ്പോഴും അവനെ വെറുംകയ്യായി വിട്ടയയ്ക്കാൻ കഴിയില്ല.

"നിന്റെ സഹോദരനായ ഒരു എബ്രായപുരുഷനോ, സ്ത്രീയോ നിനക്ക് തന്നെത്താൻ വിറ്റിട്ട് ആറു സംവത്സരം നിന്നെ സേവിച്ചാൽ ഏഴാം സംവത്സരത്തിൽ നീ അവനെ സ്വതന്ത്രനായി വിട്ടയയ്ക്കണം. അവനെ സ്വതന്ത്രനായി വിട്ടയയ്ക്കുമ്പോൾ അവനെ വെറുംകയ്യായിട്ട് അയയ്ക്കരുത്. നിന്റെ ആട്ടിൻകൂട്ടത്തിൽ നിന്നും കളത്തിൽ നിന്നും മുന്തിരിച്ചക്കിൽ നിന്നും അവന് ഔദാര്യമായി ദാനംചെയ്യണം" (ആവർത്തനം 15: 12-14). അടിമക്കാലത്തെ സേവനത്തിനുപോലും പ്രതിഫലം ഔദാര്യമായി കൊടുക്കണമെന്നാണ് ദൈവകല്പന! ഈ ഔദാര്യവും വാങ്ങി സ്വാതന്ത്ര്യത്തോടെ വരുംകാലം കഴിക്കാനുള്ള സാഹചര്യത്തെ സ്വഭാവികനിലയിൽ ആരെങ്കിലും നിഷേധിക്കാൻ ഇടയുണ്ടോ? ഇരുപതു വർഷം ഏകാന്തതടവിൽ കഴിഞ്ഞ വ്യക്തി ഒടുവിൽ ഏകാന്തതയെ സ്നേഹിച്ച് വീണ്ടും തടവറയിലേക്ക് മടങ്ങാനുള്ള ആഗ്രഹത്തിൽ വിമോചനദിനത്തിന്റെ തലേരാത്രി തടവുചാടിയ കഥ ആന്റൺ ചെക്കോവ് എഴുതിയിട്ടുണ്ട്. അങ്ങനെയെങ്കിൽ ആറുവർഷം അന്യവീട്ടിൽ അടിമപ്പണിചെയ്തവൻ സ്വാതന്ത്ര്യത്തിനുള്ള അവസരം വിട്ടുകളയുമോ? സാധ്യതയുണ്ട്.

"എന്നാൽ ദാസൻ: ഞാൻ എന്റെ യജമാനനെയും എന്റെ ഭാര്യയെയും മക്കളെയും സ്നേഹിക്കുന്നു; ഞാൻ സ്വതന്ത്രനായി പോകയില്ല" എന്നു തീർത്തുപറഞ്ഞാൽ... (പുറപ്പാട് 21:5) അവന് യജമാനന്റെ ഭവനത്തിൽ വീണ്ടും കഴിയാം.

എന്തുകൊണ്ട് ഈ ദാസൻ സ്വാതന്ത്ര്യത്തെക്കാളുപരി യജമാനന്റെ ദാസ്യത്വം വിലമതിക്കുന്നു? "എന്നാൽ അവൻ (ദാസൻ) നിന്നെയും (യജമാനനെയും) നിന്റെ കുടുംബത്തെയും സ്നേഹിക്കകൊണ്ടും നിന്റെ അടുക്കൽ അവന് സുഖമുള്ളതുകൊണ്ടും ഞാൻ നിന്നെ വിട്ടുപോകയില്ല എന്നു നിന്നോടു പറഞ്ഞാൽ..." (ആവർത്തനം 15: 16).

യജമാനനോടുള്ള സ്നേഹം, യജമാനന്റെ ദാസ്യത്വത്തിലുള്ള സുഖം ഇതാണ് ഒരു ദാസനെ യജമാനന്റെ ശുശ്രൂഷയിൽ പിടിച്ചുനിർത്തുന്നത്. യജമാനന്റെ ദാസ്യത്വത്തിലുള്ള സുഖം! ദാസ്യത്വത്തിൽ സുഖമുണ്ടോ എന്നു ചോദിച്ചേക്കാം. തീർച്ചയായും. യജമാനൻ ആരാണ് എന്നതാണ് ചോദ്യം. യേശു പറഞ്ഞു; "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും, ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം ലഭിക്കും... എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു" (മത്തായി 11: 28-30).

**മോഹിപ്പിക്കുന്ന സൗന്ദര്യമോ ആരോഗ്യമോ ഒന്നും അവനില്ലായിരുന്നു. ദുർബലനും നിരാശ്രിതനുമായിരുന്നിട്ടും യജമാനനു കരുണതോന്നി അവനെ വീണ്ടെടുത്ത് ദാസനാക്കി. ദാസനായിരുന്നിട്ടും മകനെന്നപോലെ യജമാനൻ അവനോടിടപെട്ടു.**

യേശു ആശ്വാസം നല്കാനായി അധ്വാനിക്കുന്നവരെ വിളിക്കുന്നു. ആശ്വാസം തിരക്കിവരുന്നവരോടു പറയുന്നു; എന്റെ നുകത്തിന്റെ കീഴിലോട്ടു കയറിക്കൊള്ളുക; എന്നാൽ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. ഇതെന്തു പരിപാടി? കള്ളനെ പേടിച്ച്, ഓടി പോലീസ്സ്റ്റേഷനിൽ വരുമ്പോൾ പോലീസ്ഇൻസ്പെക്ടർ പറയുന്നു: "ആ ലോക്കപ്പിലോട്ടു കയറിക്കൊള്ളൂ... നല്ല ആശ്വാസം ലഭിക്കും". വിരോധാഭാസമായി തോന്നുന്നുണ്ടോ ഇത്? എന്നാൽ വാസ്തവം അതാണ്. ആത്മാക്കൾക്ക് ആശ്വാസം ലഭിക്കുന്ന ലോകത്തിലെ ഏകസ്ഥലം യേശുവിന്റെ നുകത്തിൻകീഴാണ്.

ആറുവർഷം ഒരു യജമാനനു ദാസനായിരുന്ന വ്യക്തി മനസ്സിലാക്കിയ ഒരു കാര്യമുണ്ട്. ഇതുപോലെ ഒരു യജമാനൻ വേറെയില്ല. അവനെ ഈ യജമാനന്റെ അടുത്തേക്ക് ഓടിച്ചുകൊണ്ടുവന്ന സാഹചര്യം അവനറിയാം. ഈ യജമാനൻ വീണ്ടെടുത്തില്ലായിരുന്നെങ്കിൽ അവൻ ക്രൂരന്മാരായ മറ്റ് യജമാനന്മാർക്ക് അടിമയാകേണ്ടി

വന്നേനേ... മോഹിപ്പിക്കുന്ന സൗന്ദര്യമോ ആരോഗ്യമോ ഒന്നും അവനില്ലായിരുന്നു. ദുർബലനും നിരാശ്രിതനുമായിരുന്നിട്ടും യജമാനനു കരുണ തോന്നി അവനെ വീണ്ടെടുത്ത് ദാസനാക്കി. ദാസനായിരുന്നിട്ടും മകനെന്നപോലെ യജമാനൻ അവനോടിടപെട്ടു. അവന്റെ നുകം മൃദുവും അവന്റെ ചുമട് ലഘുവുമായിരുന്നു. വേണമെങ്കിൽ അവനിപ്പോൾ മടങ്ങിപ്പോകാം. എന്നാൽ എങ്ങോട്ടു മടങ്ങിപ്പോകാൻ? പുറത്ത്, പഴയ യജമാനന്മാർ കൊത്തിക്കീറാൻ കാത്തിരിപ്പുണ്ട്. ഈ യജമാനന്റെ നുകത്തിനു പുറത്ത് സ്വാതന്ത്ര്യമല്ല, മരണമാണ്. വേണ്ട! എനിക്കെങ്ങും പോകണ്ട! യേശുവേ, നിന്റെ നുകമാണ് എന്റെ സ്വാതന്ത്ര്യം. ഞാൻ എന്റെ യജമാനനെ സ്നേഹിക്കുന്നു... എന്നെ അങ്ങയുടെ നിത്യദാസനാക്കണേ...

യേശുവിൽ നിന്നുള്ള സ്വാതന്ത്ര്യമല്ല, യേശുവിലുള്ള സ്വാതന്ത്ര്യമാണ് യഥാർഥസ്വാതന്ത്ര്യം. ഞാൻ എന്റെ യജമാനനെ സ്നേഹിക്കുന്നു; ഞാൻ സ്വതന്ത്രനായി പോകയില്ല എന്നു തീർത്തു പറഞ്ഞാൽ (പുറപ്പാട് 21: 5) യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ടുചെന്ന് കതകിന്റെയോ കട്ടിളക്കാലിന്റെയോ അടുക്കൽ നിർത്തിയിട്ട് സൂചികൊണ്ട് അവന്റെ കാത് കുത്തിത്തുളയ്ക്കണം. പിന്നെ അവൻ എന്നേക്കും അവന് ദാസനായിരിക്കണം (പുറപ്പാട് 21:6).

ഇത്, തെരഞ്ഞെടുക്കുന്ന ദാസ്യത്വമാണ്. നമ്മുടെ കഥയിലെ ഡോക്ടറുടെ ദാസന് വേണമെങ്കിൽ സ്വതന്ത്രനാവാമായിരുന്നു, എന്നാൽ അവനെന്താണു ചെയ്തത്? പ്ലേഗുബാധയെ ഭയപ്പെടാതെ പട്ടാളക്കാരന്റെ കണ്ണുവെട്ടിച്ച് അവൻ മരണത്തിന്റെ കൂടാരത്തിലേക്കു നൂണുകയറുന്നത് എന്തുകൊണ്ടാണ്? അവന്റെ യജമാനനോടുള്ള സ്നേഹംകൊണ്ട്. യജമാനന്റെ ദാസ്യവൃത്തി അവന് സ്വാതന്ത്ര്യത്തെക്കാളും ജീവനെക്കാളും സുഖപ്രദമാണ്.

യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ടുചെന്ന് കതകിന്റെയോ കട്ടിളക്കാലിന്റെയോ അടുക്കൽ നിർത്തിയിട്ട് സൂചികൊണ്ട് അവന്റെ കാതു കുത്തിത്തുളയ്ക്കുന്നു (പുറപ്പാട് 21: 6). ഇനി അവൻ യജമാനന്റെ നിത്യദാസൻ. യേശുവിന്റെ നിത്യദാസ്യത്വം അതാണെന്റെ സ്വാതന്ത്ര്യം. ഇന്നീ കട്ടിളക്കാലിനരികിൽ ഒരു സൂചിക്കുത്തിനായി എന്റെ കാതുകൊതിക്കുന്നു...

യേശുവേ, അങ്ങയുടെ സ്വാതന്ത്ര്യത്തിന്റെ സൂചികൊണ്ട് എന്നെ അങ്ങയുടെ അടിമയാക്കണമേ...അങ്ങയുടെ ദാസ്യത്വത്തിനായി എന്നെത്തന്നെ ഏല്പിച്ചുതരുന്നു. അതേ, അങ്ങയുടെ നുകത്തിനുകീഴിൽ ഞാൻ സംതൃപ്തനാണ്...ആ ദാസ്യത്വം ആണ് എന്റെ സ്വാതന്ത്ര്യം... •

## മാന്യ വരിക്കാരുടെ ശ്രദ്ധക്ക്

- അഡ്രസ് സ്ളിപ്പിന്റെ ഇടതുവശത്തു മുകൾ ഭാഗത്തു കൊടുത്തിരിക്കുന്ന ID നമ്പർ ഓഫീസുമായി ബന്ധപ്പെടുമ്പോൾ അറിയിക്കേണ്ടതാണ്.
- പലരുടെയും വരിസംഖ്യ കാലാവധി കഴിഞ്ഞിരിക്കുന്നതിനാൽ വരിസംഖ്യ അടയ്ക്കുന്നത് ഈ ശുശ്രൂഷയ്ക്ക് വലിയ സഹായമായിരിക്കും. പേജ് 31 ൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്. കുടിശിക എത്രയെന്നറിയുവാൻ ഓഫീസുമായി ബന്ധപ്പെടുക.
- വിലാസം അപൂർണ്ണമായതിനാൽ ചില മാസികകൾ മടങ്ങി വന്നിട്ടുണ്ട്. ഫോൺ നമ്പർ ഇല്ലാത്തതിനാൽ ബന്ധപ്പെടുവാനും കഴിയുന്നില്ല. മാസിക കിട്ടാത്തവർ ഓഫീസുമായി ബന്ധപ്പെടുക.
- മേൽവിലാസത്തിൽ മാറ്റം വരുന്നപക്ഷം പഴയ വിലാസവും, മാറിയ പുതിയ വിലാസവും ഫോൺനമ്പറും ഓഫീസിൽ അറിയിക്കുക. (Office : 9495 435 336, Editor : 9495 213 269 E-mail: editornerveedhi@gmail.com)
- കമ്പ്യൂട്ടർ കോപ്പി (PDF) ആവശ്യമുള്ളവർ E-mail ID അയച്ചു തരിക.
- നിങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും മാസിക പരിചയപ്പെടുത്തുന്നത് ഈ ശുശ്രൂഷയ്ക്ക് സഹായകരമാണ്.

*എഡിറ്റർ*

# കാടിറങ്ങുന്ന കാട്ടുമൃഗങ്ങൾ...

മനുഷ്യരെയും അധികാരികളെയും ഭരണസംവിധാനങ്ങളെയും മുൾമുനയിൽ നിർത്തിക്കൊണ്ട്, കാട്ടുമൃഗങ്ങൾ ഭക്ഷണത്തിനായുള്ള തിരച്ചിലിൽ മനുഷ്യവാസമേഖലയിൽ സ്വൈര്യവിഹാരം നടത്തുന്നത് എല്ലാ മാധ്യമങ്ങളും വളരെ പ്രാധാന്യത്തോടെ ദിനംപ്രതി പ്രസിദ്ധീകരിക്കുന്ന വാർത്തകളാണ്.

കാടിറങ്ങി നാട്ടിലേക്ക് വരുന്ന കാട്ടുമൃഗങ്ങൾ നാട്ടുകാരുടെ ഉറക്കം കെടുത്തുന്നു. അധികരിച്ച അന്തരീക്ഷതാപനിലയും, കാട്ടുതീയും, വേണ്ടത്ര ആഹാരവും വെള്ളവും ലഭ്യമല്ലാതെ വരുന്നതും, കാട്ടാനകൾ, രാജവെമ്പാല അടക്കമുള്ള പാമ്പുകൾ, കരടി, കാട്ടുപന്നി, കാട്ടുപോത്ത് തുടങ്ങിയവ കാട്ടിൽ നിന്നും നാട്ടിലേക്ക് ഇറങ്ങുന്നതിനു കാരണമാകുന്നു. മൃഗങ്ങളുടെ ആവാസസ്ഥലമായ കാടു കൈയേറി വെട്ടിത്തെളിച്ച് മനുഷ്യർ കൈയ്യടക്കിയതും ഒരു പ്രധാന കാരണം തന്നെയാണ്.

തമിഴ്നാട്ടിലെ മംഗളാദേവി മുതൽ പമ്പാവാലിവരെ വ്യാപിച്ചു കിടക്കുന്ന 998 ഹെക്ടർ സ്ഥലമാണ് പെരിയാർ ടൈഗർ റിസർവ് (P T R )എന്ന സംരക്ഷിത വനപ്രദേശം. പശ്ചിമഘട്ടത്തിലെ ഉയർന്ന മലകളുള്ള ഭാഗമാണിത്. ഉൾവനങ്ങളിൽനിന്നും ശബരിമലവനത്തിലൂടെയാണ് കാട്ടാനകളും കരടിയും രാത്രികാലം നാട്ടിൻപുറത്തെ കൃഷിയിടങ്ങളിൽ എത്തുന്നത്. ഇവർ കാർഷികവിളകൾ തിന്നു നശിപ്പിക്കും. പാട്ട കൊട്ടിയും, പന്തം കത്തിച്ചും, പടക്കമെറിഞ്ഞും പണ്ടുകാലങ്ങളിൽ കാട്ടാനയേയും മറ്റും മലയോര കർഷകർ ഓടിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഇതുകൊണ്ടൊന്നും രക്ഷയില്ലാത്ത അവസ്ഥയാണ്.



വ്യാജമദ്യം നിർമിക്കുന്നവർ വനത്തിനുള്ളിൽ കലക്കി വയ്ക്കുന്ന കോടയും മറ്റും കുടിച്ചിട്ട് നാട്ടിലേക്കിറങ്ങുന്ന കാട്ടാനകളുമുണ്ട്. കോരുത്തോട് കൊമ്പുകുത്തിക്കു സമീപം കിണറ്റിൽ വീണ കരടിയെ മയക്കുവെടിവച്ച് കരയ്ക്ക് കയറ്റിയെങ്കിലും ചത്തു എന്ന വാർത്തയും നാം വായിച്ചതാണല്ലോ. വ്യാപകമായ രീതിയിൽ വനം കത്തിനശിച്ചതോടെ തേനിന്റെയും കായ്കനികളുടെയും ലഭ്യത ഏറെ കുറഞ്ഞതാണ് കരടികൾ കാടിറങ്ങി വരാൻ കാരണമായതെന്ന് വനപാലകർ പറയുന്നു. ഒരു മികച്ച മരംകയറ്റക്കാരൻ കൂടിയായ കരടിക്ക് വൃക്ഷങ്ങളിലും പൊത്തുകളിലുമുള്ള തേനാണ് പ്രധാന ആഹാരം. കാട്ടുതീയിൽ തേനീച്ചകൾക്കൊപ്പം തേനും കത്തിപ്പോയതാണ് കരടിയുടെ കാടിറക്കത്തിന് കാരണമായതെന്നും ഇവർ പറയുന്നു.

ഏതു മൃഗത്തിന്റെ ജീവനെക്കാളും വിലയേറിയതാണ് മനുഷ്യജീവൻ. മൃഗസ്നേഹികൾ മൃഗങ്ങളെ സംരക്ഷിക്കുവാൻ കാട്ടുന്ന വ്യഗ്രത നല്ലതുതന്നെ.അതു അനാവശ്യമാണെന്ന് ആരും ചിന്തിക്കുന്നുമുണ്ടാവില്ല. എന്നാൽ മനുഷ്യജീവൻ കുരുതികൊടുത്തു കൊണ്ടുള്ള മൃഗസ്നേഹം ന്യായീകരിക്കാവുന്നതാണോ? കൊല്ലപ്പെട്ട മനുഷ്യരുടെ വീടുകളിൽ അനാഥമാക്കപ്പെട്ട വ്യക്തികളുടെ നീറ്റലുംവേദനയും, ജീവൽപ്രശ്നങ്ങളും കണ്ടില്ലെന്നു നടിക്കുവാൻ ആർക്കെങ്കിലും ആകുമോ? ഒരു മനുഷ്യന്റെ ആത്മാവ് മുഴുലോകത്തേക്കാൾ വിലയേറിയതാണെന്നു ബൈബിൾ പ്രഖ്യാപിക്കുന്നു. ആ ജീവനെടുക്കുവാൻ ദൈവത്തിനല്ലാതെ മറ്റാർക്കാണ് അധികാരമുള്ളത്?

മൃഗങ്ങളുടെ ആവാസകേന്ദ്രമായ വനങ്ങളിൽ അവയ്ക്കു സുലഭമായി തീറ്റ ലഭിക്കത്തക്കവണ്ണം ഫലവൃക്ഷങ്ങളും മറ്റനുയോജ്യമായ സമാന്തരപദ്ധതികളും ആസൂത്രണം ചെയ്തു യുദ്ധ കാലാടിസ്ഥാനത്തിൽ ഗൗരവമായി ചിന്തിച്ച് പിഴവുകളൊഴിവാക്കി നടപ്പിലാക്കിയാൽ ഒരു പരിധി വരെയെങ്കിലും ഇതിനു തടയിടുവാൻ സാധ്യമായേക്കും. ഈ മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ നിർദ്ദേശവും സഹായവും സ്വീകരിച്ചു പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ●

# ശിഷ്യത്വവും ദാസ്യത്വവും

ക്രിസ്തീയ ചിന്താധാരയിൽ ശിഷ്യത്വത്തിനും ദാസ്യത്വത്തിനും അനുപമ സ്ഥാനമാണുള്ളത്. ഗുരുവിന്റെ ഉപദേശം കേൾക്കുകയും അത് സമ്പൂർണ്ണമായി അനുസരിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ശരിയായ ശിഷ്യൻ. യേശുക്രിസ്തുവിന്റെ വാക്കുകളെ ഹൃദയപൂർവ്വം ജീവിതത്തിൽ പകർത്തുന്ന അനുഭവമാണ് ക്രിസ്തീയശിഷ്യത്വം. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരാണ് പിന്നീട് ക്രിസ്ത്യാനികൾ എന്ന് അറിയപ്പെടുവാൻ തുടങ്ങിയത്. യേശു തന്റെ ശിഷ്യന്മാരോടും മറ്റെല്ലാവരോടുമായി ഇപ്രകാരമാണ് അരുളിച്ചെയ്തത്: 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ'.

സ്വയത്തിന്റെ മരണത്തിനായി ഏൽപ്പിച്ചു കൊടുക്കുന്നതും നാൾതോറും ഉള്ള ക്രൂശ് വഹിക്കലുമാണ് ക്രിസ്ത്യാനി ആകുവാനുള്ള അടിസ്ഥാനയോഗ്യത! ലോകത്തിന്റെ നേതൃത്വശൈലിയിൽ നിന്ന് ആയിരം കാതം അകലത്തിലാണ് ക്രിസ്തു പഠിപ്പിച്ച ശിഷ്യത്വം. ലോകത്തിന്റെ ശൈലി മറ്റെല്ലാവരെക്കാളും മികവ് തെളിയിച്ച് എല്ലാവരുടെയും യജമാനൻ ആകുക എന്നതാണ്. എന്നാൽ യേശു പഠിപ്പിച്ചതും മാതൃക കാട്ടിയതും ഒന്നാമൻ ആകാൻ ഇച്ഛിക്കുന്നവർ എല്ലാവർക്കും ദാസനാകേണമെന്നാണ്.

പൗലോസ് ശിഷ്യത്വത്തിന്റെയും ദാസ്യത്വത്തിന്റെയും ക്രിസ്തുദർശനം ഗ്രഹിച്ച വ്യക്തിയായിരുന്നു. തന്റെ അപ്പോസ്തലിക സ്ഥാനങ്ങളെക്കുറിച്ച് പരാമർശിക്കാതെ താൻ യേശുക്രിസ്തുവിന്റെ ബദ്ധദാസൻ (Bond-Servant) എന്നും യേശുവിന്റെ അടിമയെന്നും പറയാനാണ് എപ്പോഴും ശ്രമിച്ചത്. പഴയനിയമത്തിൽ സ്വാതന്ത്ര്യത്തോടെ പോകാൻ അടിമയെ അനുവദിക്കുമ്പോഴും അതിനു മുതിരാതെ തന്റെ യജമാനനെയും കുടുംബത്തെയും ജീവപര്യന്തം സേവിച്ചു കൊള്ളാമെന്നു പറയുന്ന ദാസനെ ദൈവസന്നിധിയിൽ കൊണ്ടുചെന്ന് കതകിന്റെയും കട്ടിളക്കാലിന്റെയും അടുക്കൽ നിർത്തിയിട്ട് സൂചികൊണ്ട് അവന്റെ കാത് കുത്തിത്തുളയ്ക്കും. ഇപ്രകാരമുള്ള തീവ്രസ്നേഹവും വിധേയത്വവുമാണ് ഏതുകാലത്തെയും ക്രിസ്തുദാസർക്ക് വേണ്ടത്.

സ്ഥാനമാനങ്ങളാൽ ആകർഷിക്കപ്പെട്ട ഇന്നത്തെ 'കർത്തൃദാസർക്ക്' അതില്ലാതെ ഒരു ദിവസംപോലും കർത്തൃസേവ ചെയ്യാൻ കഴിയാത്ത അവസ്ഥ ദയനീയം എന്നേ പറയാനാവൂ. 'സഹിക്കുന്ന ദാസനായ യേശുവിനെ യഹൂദന്മാർക്ക് ഉൾക്കൊള്ളാൻ കഴിയാഞ്ഞതുപോലെ പാളയത്തിനു പുറത്ത് നിന്ദയുടെയും അപമാനത്തിന്റെയും ക്രൂശുചുമന്ന നസ്രേത്തുകാരന്റെ ശൈലി അഭിനവക്രിസ്ത്യാനികൾക്ക് പ്രിയമല്ല. യേശുക്രിസ്തുവിനോടും ക്രിസ്തുവിന്റെ ഉപദേശങ്ങളോടുമുള്ള പൂർണമായ അനുസരണവും ക്രിസ്തുവിന്റെ സഭയായ രക്ഷിതഗണത്തിലെ ഓരോ വ്യക്തികളോടുമുള്ള വിധേയത്വവും ആണ് ഓരോ ക്രിസ്തുശിഷ്യനും കർത്തൃദാസന്മാർക്കും വേണ്ടത്. ആ പരസ്പരവിധേയത്വം ആണ് ദൈവസഭയുടെ സൗന്ദര്യം!

–എംസി


**Bank Account Details:**

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...


*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.06.2023

NERVEEDHI - JUNE 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No. KL/KTM/150/2023-2025


# ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ






















എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...

കൂടുതൽ വിവരങ്ങൾക്ക് :
Mob:
9495435336,
8547916678

Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App


Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.